# ദി ഡിഫെൻഡർ

Vol. No. 7 Issue No. 23 RNI Reg. No. 68089 / 97 Published From Perumbavoor 2004 DECEMBER 1


# പി.ജി. വർഗീസ് കുറുവടി കൈമാറി

ചുമ്മാ (ഡോ) പി.ജി.വർഗീസ് തന്റെ പിൻഗാമിയായ ജോയി എം.തോമസിന് ഒരു കുറുവടി, അരക്കച്ച, ഭൂപടം, ഒരു ബൈബിൾ, 42 രൂപ എന്നിവ നല്കി അധികാരം കൈമാറി. ഇനി ജോയി എം.തോമസ് ആയിരിക്കും ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ തലവൻ.

ഘട്ടം ഘട്ടമായി, കുറച്ചധികം വൈതരണികൾ കടന്നാണ് ജോയി എം.തോമസ് പൂർണ്ണ അധികാരം ഏറ്റത്. 2004 മെയ് 11ന് കട്ട്റ സഭയിൽ നടന്ന പ്രത്യേക നേതൃത്വ സമ്മേളനത്തിലാണ് നാടകത്തിന്റെ ആദ്യ രംഗം അരങ്ങേറിയത്. അവിടെവെച്ച് ജോയി തോമസിനേയും ഭാര്യ എൽസിയേയും ടീം ലീഡർമാർ തൈലാഭിഷേകം ചെയ്ത് ടീമിന്റെ ആത്മീയ നേതാക്കളാക്കി.

നവംബർ നാലിന് പത്താൻകോട്ടുവെച്ച് പ്രാർത്ഥിച്ച് ആത്മീക നേതൃത്വം കൈമാറി. നവംബർ 9ന് ഒടുക്കത്തെ കൈമാറ്റം നടന്നു. ദൈവവചനത്തിൽ നിന്നും അണുവിട വ്യതിചലിക്കാതിരിക്കാൻ തോംസൺ ബൈബിൾ, പി.ജി.വർഗീസ് ശുശ്രൂഷയ്ക്ക് ഇറങ്ങിയപ്പോൾ കൈവശമുണ്ടായിരുന്ന 42 രൂപ, ഒരു റിലേ ബാറ്റൺ (കുറുവടി), ഒരു അരക്കച്ച, ഒരു ഭൂപടം എന്നീ തിരുശേഷിപ്പുകളാണ് ജോയി എം.തോമസിന് ലഭിച്ചത്. വർഷങ്ങൾ കഴിഞ്ഞ് ജോയി മറ്റൊരാളെ അഭിഷേകം ചെയ്യുമ്പോൾ മേൽപടി ജംഗമ വസ്തുക്കൾ പുതിയ നേതാവിന് കൈമാറും.




ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ പി.ജി.വർഗീസിന്റെ ത്യാഗവും ഭക്തിയും സമർപ്പണവും മറ്റും പാടി പുകഴ്ത്താൻ നിരവധി ആളുകൾ തയ്യാറാകും എന്നതിന് സംശയമില്ല. പക്ഷേ ആത്മാവിൽ ആരംഭിച്ച് എങ്ങുമല്ലാത്തിടത്ത് എത്തി നിൽക്കയാണ് പി.ജി.വർഗീസ് എന്ന സത്യം മനസ്സിലാക്കുന്നവർ വളരെ കുറച്ചേ ഉണ്ടാകൂ.

ദൈവം സംഘടനകൾ സ്ഥാപിച്ചിട്ടില്ല. അതുകൊണ്ട് ഇന്ത്യൻ ഇവാൻജലിക്കൽ ടീം പി.ജി.വർഗീസ് സ്ഥാപിച്ച ഒരു സംഘടന എന്നതിൽ കവിഞ്ഞ് ഒന്നുമല്ല. ഈ സംഘടനയുടെ തലവൻ എന്ന നിലയിൽ ലഭിക്കുന്ന അധികാരം ആത്മീയ അധികാരവുമല്ല. അതുകൊണ്ട് ജോയി തോമസിന് ആത്മീയ അധികാരം കൈമാറി എന്ന പ്രചരണം അർത്ഥശൂന്യമാണ്. ദൈവവചനത്തിൽ നിന്നും അണുവിട മാറാതിരിക്കാനായി കുറുവടിയും അരക്കച്ചയും കൊടുത്ത നടപടി എന്തുകൊണ്ടും നന്നായി. തൈലാഭിഷേകം കൂടി ആയപ്പോൾ എല്ലാം തികഞ്ഞു. (കഷ്ടം).

ജോയിക്കു മാത്രമല്ല ഭാര്യയായ എൽസിക്കും അധികാരം ലഭിച്ചതിൽ സന്തോഷമുണ്ട്. പ്രിയ ജോയി ഒരു കാര്യ ചെയ്യണം: പി.ജി.വർഗീസ് സ്വന്തം ഭാര്യയുടെ കഥ പറഞ്ഞ് മാലോകരെ ബോറടിപ്പിച്ചതുപോലെ സ്വന്തം ഭാര്യയുടെ ഇതിഹാസം വിളമ്പി ജോയി ആരേയും ബോറടിപ്പിക്കരുത്.

# പി.ജി.ജേക്കബ്ബിന് മറുപടിയില്ല

ശാരോൻ ഫെലോഷിപ്പിന്റെ മാനേജിംഗ് കൗൺസിൽ സെക്രട്ടറിയായ പാസ്റ്റർ പി.ജി. ജേക്കബ്ബിന് ഈയിടെയായി മൗനരോഗം പിടിപെട്ടിരിക്കയാണ്. പെരുമ്പാവൂർ ശാരോൻ ഫെലോഷിപ്പിനെതിരെ കള്ള കാവിയറ്റ് എടുത്ത സംഭവം വിവാദമായതോടെയാണ് പി.ജി.ജേക്കബ്ബിന് നാവിറങ്ങിയത്.

സ്വന്തം കസേര സംരക്ഷിക്കാനായി എത്രത്തോളം താഴാനും പി.ജി.ജേക്കബ്ബ് തയ്യാറാണെന്ന് ഈ സംഭവത്തോടെ വ്യക്തമായിരിക്കയാണ്. വാരിക്കാട് ശാരോൻ സഭയിലെ പാസ്റ്ററായ ഷാജി സെബാസ്റ്റ്യൻ, വേങ്ങൂർ സഭയിലെ പാസ്റ്ററായ മാമ്മൻ രാജു എന്നിവർ പെരുമ്പാവൂർ ശാരോനിലെ അംഗങ്ങളാമെന്നും ഇവർ സഭയെ പറഞ്ഞിളക്കി ശാരോൻ നേതൃത്വത്തിനെതിരെ കേസ്സ് കൊടുക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടെന്നും പച്ചക്കള്ളം കോടതിയിൽ എഴുതിക്കൊടുക്കാൻ പി.ജി.ജേക്കബ്ബിന് ഒരു മടിയുമുണ്ടായില്ല. താൻ നിരപരാധിയാണെന്നും സി.വി.ജോൺ, ടി.പി.ഏബ്രഹാം എന്നിവരാണ് ഈ കള്ളക്കേസ്സ് കൊടുത്തതെന്നും ഈ കള്ളൻ ഇപ്പോൾ പറയുന്നുണ്ട്. പക്ഷേ, അത് ഔദ്യോഗികമായി പ്രഖ്യാപിക്കുന്നുമില്ല. ഇങ്ങനെ രണ്ടുംകെട്ട സ്ഥിതിയിൽ തുടരുകയാണ് ഈ ചങ്ങാതി ഇപ്പോൾ.

ശാരോൻ നേതാക്കൻമാരുടെ സ്ഥിരം അടവാണ് ഈ മൗനവ്രതം. നേതാക്കൻമാരുടെ തട്ടിപ്പ് പുറത്താകുന്ന ഏതു വിഷയത്തേക്കുറിച്ച് ചോദിച്ചാലും മറുപടി ഉണ്ടാകില്ല. അപേക്ഷയും പരാതിയും മറ്റുമായി എത്തുന്നവർ മടുത്ത് പിൻമാറും.

പക്ഷേ, ശാരോൻ നേതാക്കൻമാരുടെ സ്ഥിരം പരിപാടി ഇത്തവണ വിജയിക്കുമെന്ന് തോന്നുന്നില്ല. പ്രശ്നം പരിഹരിച്ചേ മതിയാകൂ എന്ന ഉറച്ച തീരുമാനത്തിലാണ് പെരുമ്പാവൂർ ശാരോനിലെ വിശ്വാസികൾ. അതുകൊണ്ട് ശാരോൻ നേതാക്കൻമാർക്ക് പ്രതികരിക്കേണ്ടതായി വരും. പ്രതികരിച്ചില്ലെങ്കിൽ പ്രശ്നം ഗുരുതരമാകും.

കള്ള കാവിയറ്റ് പ്രശ്നം ഉടൻ പരിഹരിക്കണം എന്ന് ആവശ്യപ്പെട്ട് പെരുമ്പാവൂർ ശാരോൻ സഭ കത്ത് കൊടുത്തിട്ടുണ്ട്. (എട്ടാം പേജ് നോക്കുക). മൗനവ്രതത്തിലൂടെ ഈ കത്തും ഒതുക്കാൻ നേതാക്കൻമാർ ശ്രമിക്കും എന്നതിന് സംശയമില്ല. അങ്ങനെ ചെയ്താൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ സഭ തീരുമാനമെടുത്തിട്ടുണ്ട്. ശാരോൻ നേതാക്കൻമാരുടെ അടവുകൾ ഇത്തവണ ഫലിക്കയില്ലെന്നും കള്ളകാവിയറ്റ് പ്രശ്നത്തിന് ഉചിതമായ പരിഹാരം നേതാക്കൻമാർ ഉണ്ടാക്കേണ്ടതായി വരുമെന്നും തീർച്ചയാണ്.


## മൾട്ടി കളർ വിസിറ്റിംഗ് കാർഡുകൾ കുറഞ്ഞ ചെലവിൽ അടിക്കാം

### പ്രത്യേകതകൾ

1. നിങ്ങൾക്ക് ഇഷ്ടമുള്ള എല്ലാ നിറങ്ങളും ഉൾപ്പെടുത്താം.
2. നിങ്ങളുടെ എംബ്ലവും കളർ ഫോട്ടോയും ചേർക്കാം.
3. സാധാരണക്കാർക്കുപോലും താങ്ങാവുന്നത്ര കുറഞ്ഞ ചെലവ്.
4. ഓഫ്സെറ്റ് പ്രിന്റിംഗ്.
5. ഡിസൈനിംഗ് സൗജന്യം.

**കാർഡുകൾ പ്രിന്റ് ചെയ്ത് ഇന്ത്യയിൽ എല്ലായിടത്തും എത്തിച്ചുതരുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ: 94474 14608

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

ബെസ്റ്റ് കോംപ്ലക്സ്,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം
പെരുമ്പാവൂർ.


# ഉയിർപ്പ് കള്ളക്കഥ

കോട്ടയത്ത് ഒരു മൂന്നു വയസ്സുകാരി പെൺകുട്ടി മരിച്ച് മണിക്കൂറുകൾക്കുശേഷം ഉയിർത്തു എന്നൊരു കഥ തങ്കുവും കൂട്ടരും ചേർന്ന് പ്രചരിപ്പിക്കുന്നുണ്ട്. ഹാലേലൂയ്യാ ദ്വൈവാരികയുടെ നവംബർ 19 ലക്കത്തിൽ ഈ വാർത്ത പ്രസിദ്ധീകരിക്കയും ചെയ്തു. പക്ഷേ, കാള പെറ്റെന്നു കേട്ട് കയറെടുക്കുകയാണ് തങ്കു.

കഠിനമായ ശ്വാസ തടസ്സം മൂലം ചികിത്സയിൽ ആയിരുന്ന അൻസ എന്ന കുട്ടി അല്പ സമയം മരിച്ചതുപോലെ കിടന്നിരിക്കാം. ഇത് തികച്ചും സ്വാഭാവികമായ പ്രതിഭാസമാണ്. അത് മരണമായി വ്യാഖ്യാനിച്ചതാണ് തെറ്റ്. കുട്ടി മരിച്ചു എന്ന് ഒരു ഡോക്ടറും സർട്ടിഫൈ ചെയ്തില്ല. അതുകൊണ്ട് ഉയിർപ്പിന്റെ കഥയ്ക്കും ആധാരമില്ല.

ബിന്ദു എന്ന സഹോദരിയുടെ പ്രാർത്ഥനയുടെ ഫലമായാണ് കുട്ടി ഉയിർത്തത് എന്നത്രേ കഥ. തങ്കുവിന്റെ കീഴിലുള്ള ഒരു പ്രാർത്ഥനാ ഗ്രൂപ്പിൽ ഏതാനും ദിവസം പങ്കെടുത്തിട്ടുണ്ട് എന്നതാണ് ബിന്ദുവിന്റെ ക്വാളിഫിക്കേഷൻ. ബിന്ദു പ്രാർത്ഥിച്ച് 10 മിനിട്ട് കഴിഞ്ഞ് കുട്ടി ഉയിർത്തത്രേ. എന്തേ ഈ കാലതാമസം? ഉത്തരം വ്യക്തം. കുട്ടി മയങ്ങി കിടക്കുകയായിരുന്നു. മയക്കം തെളിഞ്ഞപ്പോൾ കുട്ടി ഉണർന്നു. അതിനിടയിൽ ബിന്ദു പ്രാർത്ഥിച്ചു എന്നു മാത്രം. ആരും പ്രാർത്ഥിച്ചില്ലെങ്കിലും കുട്ടി ഉണരുമായിരുന്നു.

സ്വർഗ്ഗീയ വിരുന്നിന്റെ മഹത്വം മാലോകരെ അറിയിക്കാൻ ഈ സംഭവം ഉപയോഗിക്കാമെന്ന് തങ്കു മനസ്സിലാക്കി. അങ്ങനെ ഈ സംഭവത്തിന് തങ്കു പരമാവധി പ്രചരണം കൊടുത്തു. അതിൽ കവിഞ്ഞ ഒരു അത്ഭുതവും ഈ സംഭവത്തിൽ നടന്നിട്ടില്ല എന്നതാണ് സത്യം.

ശ്രീകുമാർ എന്നൊരു വിദ്വാൻ ഏതാനും വർഷം മുൻപ് ഒരു ഉയിർപ്പിക്കൽ നടത്തുകയുണ്ടായി. ഒരു സ്ത്രീ കുറെ സമയം അനങ്ങാതിരുന്നത് മരണമായി വ്യാഖ്യാനിച്ച് ഉയിർപ്പ് സൃഷ്ടിക്കയായിരുന്നു.

മരിച്ചവരെ ഉയിർപ്പിക്കാൻ കർത്താവിന് കഴിവുണ്ടെന്നത് ശരിതന്നെ. മരിച്ചവർ ഉയിർക്കുന്നതുന്നതുൾപ്പെടെയുള്ള അത്ഭുതങ്ങൾ ഇന്നും നടക്കും എന്നതിനും സംശയമില്ല. പക്ഷേ കള്ളക്കഥകൾ പ്രചരിപ്പിച്ച് കർത്താവിന് മഹത്വം ഉണ്ടാക്കി കൊടുക്കേണ്ട ആവശ്യമില്ല.


Internet: www.tsbalan.com Email: tsbalan@yahoo.com Phone: 0484-2592249. Mobile: 94474-14608

ദി ഡിഫെൻഡർ

Vol. No.7 Issue No. 23 2004 December 1

# ഹർത്താലുകാരുടെ സ്വന്തം നാട്

കേരളം ദൈവത്തിന്റെ സ്വന്തം നാടാണ് എന്നത്രേ ടൂറിസം ഡിപ്പാർട്ട്മെന്റ് പ്രചരിപ്പിക്കുന്നത്. പക്ഷേ, ഇതു വിശ്വസിച്ച് കേരളത്തിലെത്തുന്ന ടൂറിസ്റ്റുകൾ കേരളം ഹർത്താലുകാരുടെ സ്വന്തം നാടാണ് എന്ന വസ്തുത മനസ്സിലാക്കിയാകും മടങ്ങി പോകുക.

ഏതാനും വർഷം മുൻപു വരെ ഹർത്താലുകളുടെ പേര് ബന്ദ് എന്നായിരുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയം ഇല്ലാത്ത സംഘടനകളും സസന്തോഷം ബന്ദ് ആഘോഷിക്കയും ചെയ്തിരുന്നു. അതിനിടയിലാണ് ബന്ദ് നിരോധിച്ചുകൊണ്ട് കോടതിയുത്തരവുണ്ടായത്. ഇടയ്ക്കൊക്കെ ഒരു ബന്ദ് നടത്തിയില്ലെങ്കിൽ എങ്ങനെ ജനസേവനം നടത്തും? ജനാധിപത്യത്തിന്റെ ഗതി എന്താകും? കോടതി ഇങ്ങനെയൊക്കെ തുടങ്ങിയാൽ പാവം രാഷ്ട്രീയക്കാർ എന്തു ചെയ്യും. സകല രാഷ്ട്രീയക്കാരും ഐക്യമുന്നണിയായി തലപുകഞ്ഞ് ആലോചിച്ചു. ഒടുവിൽ ഒരു പോംവഴി കണ്ടുപിടിച്ചു. ബന്ദ് അല്ലേ നിരോധിച്ചുള്ളു, ഹർത്താൽ ആകാമല്ലോ. അങ്ങനെ അവർ ഹർത്താൽ നടത്താൻ തുടങ്ങി. പൊതുജനത്തിനുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ.

ബന്ദും ഹർത്താലും തമ്മിലുള്ള വ്യത്യാസമെന്ത്? ബന്ദ് എന്ന വാക്കിലുള്ളതിൽ അധികം അക്ഷരങ്ങൾ ഹർത്താലിലുണ്ട്. അത് ഒരു അത്യുഗ്രൻ വ്യത്യാസമാണല്ലോ. മറ്റുള്ള കാര്യങ്ങളിൽ ബന്ദും ഹർത്താലും ഒന്നുതന്നെ. കോടതിയെ പേടിക്കാതെ ഹർത്താൽ നടത്താമെന്ന ഗുണവുമുണ്ട്.

ഹർത്താലും കോടതി നിരോധിച്ചാലോ? ഉടൻ ഒരു പേരുമാറ്റം കൂടി നടത്തും. "പ്രതിഷേധദിനം" എന്നോ "കരിദിനം" എന്നോ ആകാം പുതിയ പേര്. സംഭവം പഴയ ബന്ദ് തന്നെ. കലാപരിപാടികളിലും മാറ്റമില്ല.

ആര് ബന്ദ് നടത്തിയാലും പൊതുജനം സഹകരിക്കും. കടകൾ തുറക്കില്ല. കെ.എസ്.ആർ.റ്റി.സി. ബസുകൾ ഉൾപ്പെടെ ഒരു വാഹനവും ഓടില്ല. പരീക്ഷകൾ മാറ്റി വെയ്ക്കും. സംസ്ഥാനം നിശ്ചലമാകും. ചുരുക്കത്തിൽ ബന്ദ് പൂർണ്ണ വിജയമാകും. ആനന്ദലബ്ധിക്കിനി എന്തു വേണം.

പക്ഷേ, ഈ സന്തോഷം ഇനി ഏറെക്കാലത്തേക്ക് ഉണ്ടാകില്ല എന്നാണ് തോന്നുന്നത്. ഹർത്താൽ ദിനത്തിൽ കടകൾ തുറക്കുമെന്ന് വ്യാപാരികൾ പറയുന്നു. തിയേറ്ററുകൾ പതിവുപോലെ പ്രവർത്തിക്കുമെന്ന് തിയേറ്റർ ഉടമകളും പറയുന്നു. ബസ്സുകൾ ഓടിക്കുമെന്ന് പ്രൈവറ്റ് ബസ് മുതലാളിമാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇക്കണക്കിനു പോയാൽ മനസ്സമാധാനമായിട്ട് ഒരു ഹർത്താൽ നടത്താൻ ജനസേവകർക്ക് കഴിയാതെ പോകും. ഈ അനീതിയ്ക്കെതിരെ എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രതികരിക്കണം. ഹർത്താൽ നടത്താനും അത് വിജയിപ്പിക്കാനും എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അവകാശമുണ്ട്. ഈ ജൻമാവകാശം തട്ടിയെടുക്കാനുള്ള നീക്കം എന്തു വില കൊടുത്തും തടയണം. ആഴ്ചയിൽ ഒരു ഹർത്താലെങ്കിലും തീർച്ചയായും നടത്തണം. "ജനാധിപൈത്യം" എന്നൊക്കെ പറയുന്നത് ഇതല്ലേ മാളോരേ?

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ചാൽ പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

# സത്യം സത്യമായി

അടിയും കൊണ്ടു, പുളിയും കുടിച്ചു, പിഴയും അടച്ചു എന്നൊരു ചൊല്ലുണ്ട്. ആദ്യം തന്നെ പിഴ അടച്ചിരുന്നെങ്കിൽ അടി കൊള്ളലും പുളി കുടിക്കലും ഒഴിവാക്കാമായിരുന്നു. പക്ഷേ, മിക്കവരും അതിന് തയ്യാറാകാറില്ല. അതുകൊണ്ട് അനാവശ്യമായി കുറെ വേദന അനുഭവിക്കേണ്ടതായി വരുന്നു.

കേരളത്തിൽ ഇപ്പോൾ നടക്കുന്നതും ഇതൊക്കെത്തന്നെയാണ്. കുഞ്ഞാലിക്കുട്ടി ഇന്നല്ലെങ്കിൽ നാളെ രാജി വെയ്ക്കേണ്ടതായി വരും എന്നതിന് സംശയമില്ല. എന്നാൽ അത് ഒരു ദിവസം മുൻപേ ചെയ്താൽ അത്രയും കുഴപ്പങ്ങൾ ഒഴിവാക്കാം. പക്ഷേ അതിന് കുഞ്ഞാലിക്കുട്ടി തയ്യാറാകുന്നില്ല. കുഞ്ഞാലിക്കുട്ടിയെ പുറത്താക്കാനുള്ള ധൈര്യം ഉമ്മൻ ചാണ്ടിക്ക് ലഭിക്കുന്നുമില്ല. അതുകൊണ്ട് വരും ദിവസങ്ങളിൽ കേരളം കുഞ്ഞാലിക്കുട്ടി വിരുദ്ധ സമരത്തിന്റെ ചൂടിൽ വെന്തുരുകും എന്നതിന് സംശയമില്ല.

ഇടതുപക്ഷവും ബി.ജെ.പിയും ഒരു പക്ഷവുമില്ലാത്ത കുറെ സംഘടനകളും കുഞ്ഞാലിക്കുട്ടിക്കെതിരെ രംഗത്തു വന്നു കഴിഞ്ഞു. ദിവസങ്ങൾ കഴിയുമ്പോൾ പ്രശ്നം ആറിത്തണുക്കുമെന്നും അങ്ങനെ രക്ഷപ്പെടാമെന്നും കുഞ്ഞാലിക്കുട്ടി കണക്കു കൂട്ടുന്നുണ്ടാകാം. സ്വന്തം പാർട്ടി തന്റെ പിന്നിൽ പാറ പോലെ ഉറച്ചു നിൽക്കാൻ തീരുമാനിച്ചതോടെ കുഞ്ഞാലിക്കുട്ടിയുടെ ധൈര്യം ഇരട്ടിച്ചിട്ടുമുണ്ടാകാം. പക്ഷേ, വരും ദിവസങ്ങളിൽ ഉണ്ടാകാൻ പോകുന്ന പ്രക്ഷോഭക്കൊടുങ്കാറ്റിൽ ഈ ധൈര്യത്തിന്റെ മാറാലകൾക്ക് നിലനിൽപ്പുണ്ടാകില്ല എന്ന വസ്തുത അറിഞ്ഞിരുന്നാൽ നന്ന്.

കാഞ്ചി ശങ്കരാചാര്യർ കുറ്റവാളിയാണോ എന്ന് അറിഞ്ഞുകൂടാ. കോടതിയാണ് അതു തീരുമാനിക്കേണ്ടത്. പക്ഷേ, അദ്ദേഹത്തേപ്പോലൊരു ഉന്നതനെ അറസ്റ്റ് ചെയ്യാൻ തമിഴ്നാട് സർക്കാരിന് ധൈര്യമുണ്ടായി. ന്യായത്തിനും നീതിക്കും വലിയ വിലയൊന്നുമില്ലാത്ത തമിഴ്നാട്ടിൽ നിയമം അതിന്റെ വഴിക്കു പോകുന്നു. പക്ഷേ, സാക്ഷര കേരളത്തിൽ നിയമം കുറ്റവാളിയുടെ ചൊല്പടിക്കാണ് നീങ്ങുന്നത്. വർഷങ്ങൾക്കു മുൻപു നടന്ന ആത്മഹത്യയുടെ പേരിൽ ഇപ്പോൾ അറസ്റ്റ് ചെയ്യുന്നു. പത്തു വയസ്സുകാരനെ കള്ളക്കേസ്സിൽ കുടുക്കി അറസ്റ്റ് ചെയ്യുന്നു. ലോക്കറിൽ ഇരിക്കുന്ന രേഖ വരെ അപ്ര ത്യക്ഷമാകുന്നു. പിടികിട്ടാപ്പുള്ളി മുഖ്യമന്ത്രിയോടൊപ്പം പൊതുയോഗത്തിൽ പങ്കെടുക്കുന്നു. അങ്ങനെ എന്തെല്ലാം.

ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഏറെ പ്രചാരത്തിൽ ഉണ്ടായിരുന്ന ഒരു ചൊല്ലുണ്ടായിരുന്നു: ഇന്ത്യയിൽ ഒരു പുരുഷനേയുള്ളൂ, അത് ഇന്ദിരാഗാന്ധിയാണ്. എന്തൊക്കെ പോരായ്മകളുണ്ടെങ്കിലും ഇന്ദിരാഗാന്ധിയുടെ ധൈര്യം അദ്വിതീയമായിരുന്നു. ജയലളിതയേക്കുറിച്ചും കുറച്ചധികം കുറ്റങ്ങൾ പറയാനുണ്ട്. എങ്കിലും അവരുടെ ധൈര്യം അംഗീകരിച്ചേ മതിയാകൂ. ചുമ്മാതല്ല ജനം അവരെ വീണ്ടും അധികാരത്തിൽ കയറ്റിയത്.

കൈവിട്ട ഈ കളിയൊക്കെ നടത്തുമ്പോൾ ഉമ്മൻ ചാണ്ടിയും കൂട്ടരും ഒരു കാര്യം മറക്കുന്നു: അസംബ്ലി തെരഞ്ഞെടുപ്പിന് ഇനി ഏറെക്കാലം ബാക്കിയില്ല. കേരളത്തിലെ വോട്ടർമാർ കഴുതകളല്ലെന്ന് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ തെളിഞ്ഞതാണ്. അതേ വോട്ടർമാർ തന്നെയാണ് അസംബ്ലി തെരഞ്ഞെടുപ്പിലും വോട്ടു ചെയ്യേണ്ടത്. അതു കൊണ്ട് കളി സൂക്ഷിച്ചു മതി.

കുഞ്ഞാലിക്കുട്ടിയെ പുറത്താക്കിയാൽ ലീഗ് പിൻതുണ പിൻവലിക്കുമെന്നും അതോടെ മന്ത്രിസഭ താഴെ വീഴുമെന്നും ഭയന്നാണ് ഉമ്മൻ ചാണ്ടി മിണ്ടാതിരിക്കുന്നത്. ലീഗിനെ അത്രയ്ക്കൊന്നും പേടിക്കേണ്ടതില്ല എന്ന വസ്തുത ഉമ്മൻ ചാണ്ടി ഒഴികെ എല്ലാവർക്കും അറിയാം. പിൻതുണ പിൻവലിച്ച് മന്ത്രിസഭ താഴെയിട്ടിട്ട് ലീഗ് എവിടേയ്ക്ക് പോകും? ഇടതുപക്ഷത്തേയ്ക്കോ? ലീഗിനെ വേണ്ടേ വേണ്ട എന്ന് അവർ പറഞ്ഞു കഴിഞ്ഞു. അതി വെറും ഭംഗിവാക്കല്ലെന്ന് വ്യക്തം. ലീഗിന് ബി.ജെ.പിയുടെ കൂടെ ചേരാൻ പറ്റുമോ? അതും നടപ്പിലാകുന്ന കാര്യമല്ല. ചെറിയ പാർട്ടികളെ ചേർത്ത് മറ്റൊരു മുന്നണി ഉണ്ടാക്കാനുള്ള സാദ്ധ്യതയും വിരളമാണ്. സധൈര്യം ഒറ്റയ്ക്കുനിന്നാലോ? വീര ചരമം ഉറപ്പ്. അതുകൊണ്ട് യു.ഡി.എഫ്. വിട്ടു പോകാനോ മന്ത്രിസഭയെ മറിച്ചിടാനോ ലീഗ് ധൈര്യപ്പെടില്ല. അല്പമൊന്ന് ആലോചിച്ചാൽ ഉമ്മൻ ചാണ്ടിക്കുപോലും ഇതൊക്കെ മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നിട്ടും എന്തിനാണാവോ നമ്മുടെ മുഖ്യമന്ത്രി ലീഗെന്നു കേൾക്കുമ്പോൾ ഞെട്ടി വിറയ്ക്കുന്നതും സല്യൂട്ടടിക്കുന്നതും.

ശങ്കരാചാര്യരെ അറസ്റ്റ് ചെയ്ത സാഹചര്യത്തിൽ പെന്തക്കോസ്ത് നേതാക്കൻമാരുടെ നെഞ്ചിടിപ്പ് കൂടേണ്ടതാണ്. പക്ഷേ വിശേഷിച്ച് എന്തെങ്കിലും നാളിതുവരെ സംഭവിച്ചതായി അറിവില്ല. ദൈവം തങ്ങളുടെ പോക്കറ്റിലാണെന്ന ധാരണയിൽ കഴിയുന്ന ഈ നേതാക്കൻമാർക്ക് ഭയമുണ്ടാകാത്തതിൽ അത്ഭുതമില്ല. പക്ഷേ ശങ്കരാചാര്യരേപ്പോലൊരാളെ എത്തിപ്പിടിക്കാൻ നിയമത്തിന്റെ കൈകൾക്ക് നീളമുണ്ടായെങ്കിൽ പെന്തക്കോസ്തിലെ കള്ളൻമാരുടെ നില സുരക്ഷിതമല്ലെന്നു തീർച്ച.

മഴ മാറി മാനം തെളിഞ്ഞതോടെ കൺവെൻഷനുകളുടെ കാലമായി. ഇനി ഈ കേരളക്കരയിലുള്ളവർ എന്തെല്ലാം കാണുകയും കേൾക്കുകയും ചെയ്യണം എന്ന് പറഞ്ഞറിയിക്കുക വിഷമം തന്നെ. ഏതായാലും വിശുദ്ധൻമാരെ വീട്ടിൽ കയറ്റുന്നത് സൂക്ഷിച്ചുമതി.

ആർക്കു ബാധ കയറിയാലും കോഴിയുടെ തലയാണ് പോകുന്നത് എന്നു പറഞ്ഞതുപോലെ ഈ ലോകത്ത് എന്തു സംഭവംനടന്നാലും അതിന്റെ ഫലം അനുഭവിക്കേണ്ടത് കേരളത്തിലെ ജനങ്ങളാണ്. ശങ്കരാചാര്യരെ തമിഴ്നാട് പോലീസ് അറസ്റ്റ് ചെയ്തു. അതിനെതിരെ കേരളത്തിൽ ഒരു ബന്ദ് നടന്നു. ഇന്ത്യയൊട്ടുക്ക് എണ്ണവില കൂട്ടി. അതിനും കേരളത്തിൽ ബന്ദ് നടത്തി. കേരളത്തിൽ നടന്ന ബന്ദ് കണ്ട് ഭയപ്പെട്ട് ജയലളിത തീരുമാനം മാറ്റുമോ? കേരളത്തിലെ ബന്ദ് എണ്ണവില കുറയ്ക്കുവാൻ പര്യാപ്തമാകുമോ?

കേരളത്തിൽ ആര് ബന്ദ് നടത്തിയാലും ഒരു പഞ്ചായത്തിന് ഒരാൾ എന്ന ക്രമത്തിൽ പോലും അംഗസംഖ്യ ഇല്ലാത്ത ഒരു നക്സൽ പ്രസ്ഥാനം ഏതാനും വർഷം മുൻപ് നടത്തിയ ബന്ദും പൂർണ്ണ വിജയമായിരുന്നു. കേരളം സ്തംഭിച്ചു. ഈ ബന്ദുകൾ കൊണ്ട് എന്തു ഫലമുണ്ടായി എന്നു ചോദിച്ചാൽ ആർക്കും ഉത്തരം പറയാനാവില്ല. എന്നിട്ടും നാം ബന്ദ് നടത്തുന്നു. കേരളം ഭ്രാന്താലമാണെന്നതിന് മറ്റു തെളിവെന്തിന്?

## നിങ്ങൾക്കും ഒരു ഓഫ്സെറ്റ് പ്രസ്സ് വാങ്ങാം

**പ്രിന്റിംഗ് – പബ്ലീഷിംഗ് രംഗത്ത് താല്പര്യമുള്ള വ്യക്തിയാണോ നിങ്ങൾ? എങ്കിൽ നിങ്ങൾക്കും ഒരു പ്രസ്സ് വാങ്ങാം.**

**മിനി ഓഫ്സെറ്റ് മുതൽ ഫോർ–കളർ മെഷീനും വെബും വരെയുള്ള എല്ലാവിധ ഓഫ്സെറ്റ് പ്രസ്സുകളും വാങ്ങാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.**

**ഫോൺ: 94474 14608**

# അനുഗ്രഹത്തിന്റെ സുവിശേഷം: ചില വസ്തുതകൾ

**എട്ടും പൊട്ടും തിരിയാത്ത സാധുക്കളെ വഞ്ചിക്കാൻ ചില വ്യാജ സുവിശേഷകർ അവതരിപ്പിക്കുന്ന സമൃദ്ധിയുടെ സുവിശേഷത്തേക്കുറിച്ചുള്ള ഒരു പഠനമാണ് ഈ ലേഖനം.**

അനുഗ്രഹത്തിന്റെ സുവിശേഷം എന്നാൽ എന്ത് എന്ന് പ്രാരംഭത്തിൽത്തന്നെ വ്യക്തമാക്കാം. ഒരു ദശാംബ്ദം മുൻപ് ചില വിദേശ മിഷനറിമാർ അവതരിപ്പിച്ച ഈ സിദ്ധാന്തം ഇപ്പോൾ ഇന്ത്യാക്കാരായ ചില സുവിശേഷകർ പ്രചരിപ്പിക്കുന്നു. ഈ സിദ്ധാന്തത്തിന്റെ രത്നച്ചുരുക്കം ഇതാണ്: യേശുക്രിസ്തുവിലൂടെ ആത്മീയ അനുഗ്രഹങ്ങൾ മാത്രമല്ല, ഭൗതീക അനുഗ്രഹങ്ങളും ലഭിക്കുന്നതാണ്. ഓരോ വ്യക്തിയും ശാപത്തിന്റെ കീഴിലാണ്. വിട്ടുമാറാത്ത രോഗം, നിരന്തരം ഉണ്ടാകുന്ന അപകടങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ട്, തൊഴിലില്ലായ്മ തുടങ്ങിയതെല്ലാം ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ്. ശാപം പൊട്ടിക്കാൻ വരം ലഭിച്ചിട്ടുള്ള സുവിശേഷകരുടെ പ്രാർത്ഥനയാൽ ശാപം പൊട്ടിക്കാൻ കഴിയും. ഇങ്ങനെ ശാപം പൊട്ടികഴിഞ്ഞാൽ രോഗം മാറും. സാമ്പത്തികമായി ഉയരും. അപകടം ഉണ്ടാകുന്നതല്ല. ജോലി ഇല്ലാത്തവർക്ക് ജോലി ലഭിക്കും. ചുരുക്കത്തിൽ എല്ലാവിധ ഭൗതീക നൻമകളും ഉണ്ടാകും.

അനുഗ്രഹവുമായി ബന്ധപ്പെട്ട് ഏതാനും മാസം മുൻപ് എറണാകുളത്ത് പ്രസിദ്ധീകരിച്ച ഒരു സപ്ലിമെന്റിൽ ചില അത്ഭുതങ്ങളേക്കുറിച്ച് പറഞ്ഞിരുന്നു. അത്ഭുതം അനുഭവിച്ച വ്യക്തികളുടെ ഫോട്ടോ കൊടുത്തിരുന്നെങ്കിലും അവരുടെ വിലാസമോ ഫോൺ നമ്പറോ ഇല്ലായിരുന്നു. അതു കൊണ്ട് അവരുമായി നേരിൽ ബന്ധപ്പെടാൻ ആർക്കും കഴിഞ്ഞില്ല.

ഗൾഫിൽ ജോലിയുണ്ടായിരുന്ന ഒരാൾ നാട്ടിലെത്തിയ ശേഷം സാമ്പത്തിക തകർച്ചയുണ്ടായി. അതിനുശേഷം അയാൾ ഒരു ശാപം പൊട്ടിക്കൽ ശുശ്രൂഷയിൽ പങ്കെടുത്തു. അയാൾ ഇപ്പോൾ അമേരിക്കയിൽ ജോലി ചെയ്യുന്നു. ഇതാണ് ഒരു അത്ഭുതം. പക്ഷേ, ഇതിൽ എന്ത് അത്ഭുതമാണുള്ളതെന്ന് മനസ്സിലായില്ല. സാമ്പത്തികമായി തകർത്ത നിരവധി ആളുകൾ പിന്നീട് അമേരിക്കയിൽ പോയി രക്ഷപ്പെട്ടിട്ടുണ്ട്. അവരിൽ വിശ്വാസികളും അവിശ്വാസികളുമുണ്ട്. ഹിന്ദുക്കളും മുസ്ലീങ്ങളും നിരീശ്വര വാദികളുമുണ്ട്. സാമ്പത്തികമായി തകർന്നവൻ അമേരിക്കയിൽ പോകുന്നത് അത്ഭുതമാണെങ്കിൽ നിരീശ്വര വാദികൾ ഉൾപ്പെടെ എല്ലാവർക്കും പറയാൻ കഴിയുന്ന അനുഭവസാക്ഷ്യമാണത്.

മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട ഒരാൾ അതൊക്കെ നിർത്തിയതാണ് മറ്റൊരത്ഭുതം. ഇതിലും എന്തത്ഭുതമാണുള്ളതെന്ന് മനസ്സിലാകുന്നില്ല. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നത് നിർത്താൻ ഏതെങ്കിലും വിധത്തിലുള്ള പ്രകൃത്യാതീത ശക്തി കൂടിയേ കഴിയൂ എന്നില്ല. പിന്നെങ്ങനെ അത് അത്ഭുതമാകും?

ജൻമനാ കാഴ്ചയില്ലാത്ത ഒരു കുട്ടിക്ക് കാഴ്ച കിട്ടി എന്നതാണ് അടുത്ത അത്ഭുതം. കുട്ടി ജനിച്ച് ഏറെ കഴിയും മുൻപേ കുട്ടി അന്ധനാണെന്ന് ഡോക്ടർ പറഞ്ഞത്രേ. പക്ഷേ, എത്ര സമയം കഴിഞ്ഞാണ് ഡോക്ടർ അങ്ങനെ പറഞ്ഞതെന്ന് വ്യക്തമല്ല. എന്തു ടെസ്റ്റ് നടത്തിയിട്ടാണ് ഡോക്ടർ ഈ പ്രഖ്യാപനം നടത്തിയതെന്നും അറിഞ്ഞുകൂടാ. അതുകൊണ്ട് ആ കുട്ടി ജൻമനാ അന്ധനായിരുന്നോ എന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല. വിശദമായ അന്വേഷണം നടത്താതെ ഈ സംഭവത്തിൽ എന്തെങ്കിലും അത്ഭുതം നടന്നോ എന്ന് പറയാനാവില്ല. അതിന് ഈ കുട്ടിയുടെ മാതാപിതാക്കളുടെ വിലാസവും ഫോൺ നമ്പറും വേണം.

ഫൈലോപ്പിയൻ ട്യൂബ് ഇല്ലാത്ത ഒരു സ്ത്രീ പ്രാർത്ഥന കൊണ്ട് ഗർഭം ധരിച്ച് പ്രസവിച്ചത്രേ. യഥാർത്ഥത്തിൽ അങ്ങനെ നടന്നെങ്കിൽ അത് ഒരു അത്ഭുതം തന്നെ. അണ്ഡാശയത്തിലുള്ള അണ്ഡത്തിന് ഫൈലോപ്പിയൻ ട്യൂബിലൂടെയല്ലാതെ ഗർഭാശയത്തിൽ എത്താൻ കഴിയുന്നതല്ല. അത്തരത്തിലുള്ള ഒരു സ്ത്രീ പ്രസവിക്കുന്നത് അത്ഭുതമാണ്. പക്ഷേ, ഈ സ്ത്രീയുടെ കേസ്സ് വിശദമായ പഠനത്തിന് വിധേയമാക്കണം. ഏതു ഡോക്ടറാണ് ഇവരെ പരിശോധിച്ച് ട്യൂബില്ലെന്നു കണ്ടെത്തിയത്? ഇപ്പോൾ ഈ സ്ത്രീക്ക് ഫൈലോപ്പിയൻ ട്യൂബ് ഉണ്ടോ? ഇതൊക്കെ അറിയണം. കാള പെറ്റെന്നു കേട്ടാൽ ഉടൻ കയറെടുക്കാൻ പറ്റില്ലെന്ന് ചുരുക്കം.

ക്യാൻസർ രോഗിയായ ഒരാൾക്ക് അത്ഭുത രോഗസൗഖ്യം ഉണ്ടായതാണ് മറ്റൊരു സംഭവം. ക്യാൻസർ പ്രാർത്ഥനകൊണ്ട് സുഖപ്പെട്ടെങ്കിൽ അത് അത്ഭുതം തന്നെ. പക്ഷേ, ഈ വിഷയത്തിലും വിശദ വിവരങ്ങൾ അറിയണം. എന്തുതരം ക്യാൻസറാണ് ഈ രോഗിക്ക് ഉണ്ടായിരുന്നത്? ക്യാൻസർ ഏതു സ്റ്റേജിലായിരുന്നു? ഇതൊക്കെ അറിയണം. ഇനി അല്പം തിയോളജി.

കർത്താവായ യേശുക്രിസ്തു ന്യായപ്രമാണത്തിൻെറ ശാപം നീക്കിക്കഴിഞ്ഞതിനാൽ ദൈവം അബ്രഹാമിന് വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങളെല്ലാം വിശ്വാസികൾക്ക് ലഭിക്കും എന്നാണ് അനുഗ്രഹത്തിന്റെ സുവിശേഷകർ പഠിപ്പിക്കുന്നത്. ഇത് എത്രത്തോളം ശരിയാണ്?

അബ്രഹാമിന് ദൈവം വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങൾ വിശ്വാസികൾക്ക് ലഭിക്കും എന്ന് ബൈബിൾ വ്യക്തമായി പറയുന്നുണ്ട്. ഗലാ.3:14. ഇതിൻെറ അർത്ഥമെന്താണ്? വിശ്വാസികൾക്ക് ഭൗതീക അനുഗ്രഹങ്ങൾ, അക്ഷരാർത്ഥത്തിൽ ലഭിക്കും എന്നാണോ? ആണെങ്കിൽ, എല്ലാം വിട്ട് കർത്താവിൻെറ പിന്നാലെ ഇറങ്ങിയ പത്രോസും മറ്റ് അപ്പൊസ്തലൻമാരും വലിയ പണക്കാരായി മാറേണ്ടതായിരുന്നു. അങ്ങനെ സംഭവിച്ചതായി കേട്ടുകേഴ്വിപോലുമില്ല. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചതുമൂലം ഭൗതീകമായി അനുഗ്രഹിക്കപ്പെട്ട ഏതെങ്കിലും വിശ്വാസിയേക്കുറിച്ച് പുതിയനിയമം പറയുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ? വിശ്വാസികൾ ഒരിക്കലും ഭൗതീക ഉയർച്ച നേടുകയില്ല എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. മറിച്ച്, ഭൗതീക അനുഗ്രഹമല്ല ആത്മീയ അനുഗ്രഹമാണ് വിശ്വാസികൾക്ക് ദൈവം നൽകുന്നത്. അതോടൊപ്പം ഭൗതീക അനുഗ്രഹങ്ങൾ കിട്ടുകയോ കിട്ടാതിരിക്കയോ ചെയ്യാം.

ദാരിദ്ര്യം ശാപമാണെന്ന് പുതിയനിയമം പഠിപ്പിക്കുന്നില്ല. സമൃദ്ധിയുടെ സുവിശേഷക്കാരുടെ വ്യാഖ്യാനം ശരിയാണെങ്കിൽ ധനവാൻ അനുഗ്രഹിക്കപ്പെട്ടവനും ദരിദ്രനായ ലാസർ ശപിക്കപ്പെട്ടവനുമാണ്. പക്ഷേ സത്യം അതല്ലെന്ന് നമുക്കറിയാം. ഉണ്ണാനും ഉടുക്കാനുമുള്ള വക അവകാശമെന്ന നിലയിൽ ഏതു വിശ്വാസിക്കും ദൈവത്തോട് ചോദിക്കാം. അതിൽ അധികമായി എന്തെങ്കിലും ദൈവം തന്നാൽ സന്തോഷത്തോടെ സ്വീകരിച്ചുകൊള്ളൂ. പക്ഷേ, അവകാശമെന്ന നിലയിൽ ചോദിക്കാൻ പാടില്ല. പണക്കാരനാകാം എന്ന പ്രതീക്ഷയോടെ കർത്താവിൻെറ പിന്നാലെ ഇറങ്ങിത്തിരിക്കുന്നത് വിഡ്ഢിത്തമാണ്.

ഈ വിഷയത്തേക്കു റിച്ച് സാധാരണയായി ഉയർന്നുവരുന്ന ചില സംശയങ്ങൾക്കുള്ള മറുപടികൂടി പറയാം.

1. വിശ്വാസികൾക്ക് ഭൗതീക അനുഗ്രഹം ഉണ്ടാകയില്ല എന്ന് പറയാൻ കഴിയുമോ?

പറ്റില്ല. വിശ്വാസിയായിപ്പോയതുകൊണ്ട് എന്നും കഷ്ടപ്പെട്ടേ മതിയാകൂ എന്നില്ല. ആത്മീയ അനുഗ്രഹങ്ങളോടൊപ്പം ഭൗതീക അനുഗ്രഹങ്ങളും ലഭിച്ചെന്നുവരാം. പക്ഷേ, ഒരു അവകാശം എന്ന നിലയിൽ ഭൗതീക അനുഗ്രഹം ചോദിച്ചു വാങ്ങാൻ ആവില്ല. മാത്രമല്ല, ഭൗതീക അനുഗ്രഹം ലഭിക്കാത്തത് ശാപത്തിൻെറ ഫലമാണെന്ന് പറയാനും പാടില്ല. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വെയ്പ്പീൻ എന്ന് അരുളിച്ചെയ്ത കർത്താവിനോട് ഉണ്ണാനും ഉടുക്കാനുമുള്ള വക അവകാശമായി ചോദിക്കാം. അതിൽ അധികമായി വല്ലതും ലഭിച്ചാൽ വാങ്ങിക്കൊള്ളൂ. പക്ഷേ അത് വിശ്വാസിയുടെ അവകാശമല്ല എന്നുമാത്രം. ചുരുക്കത്തിൽ, ആത്മീയാനുഗ്രഹങ്ങൾ വിശ്വാസിയുടെ അവകാശവും ഭൗതീക അനുഗ്രഹങ്ങൾ ദൈവം നൽകുന്ന സൗജന്യങ്ങളുമാണ്. ദാരിദ്ര്യം പാപമോ ശാപമോ അല്ല.

2. അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹം ക്രിസ്തുവിലൂടെ ജാതികൾക്ക് ലഭിക്കും എന്ന് ബൈബിൾ പറയുന്നു. അങ്ങനെയെങ്കിൽ വിശ്വാസികൾക്ക് ഭൗതീക അനുഗ്രഹവും അവകാശമായി ലഭിക്കേണ്ടതല്ലേ?

ഒറ്റ നോട്ടത്തിൽ ശരിയെന്ന് തോന്നുന്ന ഒരു വാദഗതിയാണിത്. അതുകൊണ്ടത്രേ അനേകർ ഈ ദുർവ്യാഖ്യാനത്തിൽ കുടുങ്ങിപ്പോകുന്നത്. അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹം ക്രിസ്തുവിലൂടെ വിശ്വാസിക്ക് ലഭിക്കും എന്നതിന് സംശയമില്ല. പക്ഷേ, ഇത് എങ്ങനെയാണ് പ്രാവർത്തികമാകുന്നത്?

എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുവാൻ കർത്താവ് ഒരാളോട് ആവശ്യപ്പെട്ടു. ആദിമ സഭയിലെ ചില വിശ്വാസികൾ തങ്ങളുടെ വസ്തുവകകൾ വിറ്റ് സഭയ്ക്ക് നൽകുകയും ചെയ്തു. എല്ലാ വിശ്വാസിയും വസ്തുവകകൾ വിൽക്കണം എന്നാണോ ഇതിൻെറ അർത്ഥം? വസ്തുവകകൾ വിറ്റ് ദരിദ്രർക്കു കൊടുത്താൽ സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും എന്നല്ലാതെ രക്ഷിക്കപ്പെടുവാൻ ഇത് ആവശ്യമാണെന്ന് കർത്താവ് പറഞ്ഞില്ല. ആദിമ സഭയിലുള്ള ചിലർ സ്വന്ത ഇഷ്ടപ്രകാരം സ്വത്തുക്കൾ വിറ്റ് സഭക്കു നൽകി എന്നല്ലാതെ അത് സഭയുടെ ഉപദേശമല്ല.

കാലുകഴുകലിൻെറ കാര്യവും ഇതുപോലെതന്നെ. കർത്താവ് ശിഷ്യരുടെ കാലുകൾ കഴുകിയെങ്കിലും ആദിമസഭ ഇത് ആചാരമാക്കിയില്ല. കാരണം, അത് കല്പന അല്ലായിരുന്നു.

അബ്രഹാമിനു ലഭിച്ച അനുഗ്രഹം ക്രിസ്തുവിലൂടെ വിശ്വാസികൾക്ക് ലഭിക്കും എന്ന വാക്യവും ഇതുപോലെ വ്യാഖ്യാനിക്കണം. അബ്രഹാമിനും അവൻെറ സന്തതിക്കുമാണ് വാഗ്ദത്തം ലഭിച്ചത്. സന്തതി എന്ന് ഏകവചനത്തിൽ പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെ ഉദ്ദേശിച്ചത്രേ എന്ന് പൗലോസ് വ്യക്തമാക്കുന്നുണ്ട്. ഗലാ.3:16.

അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹങ്ങൾ അതിൻെറ പൂർണ്ണമായ അളവിൽ പ്രാപിച്ച ഏക മനുഷ്യൻ യേശുവാണ്. സമൃദ്ധിയുടെ സുവിശേഷക്കാർ പറയുന്നത് ശരിയാണെങ്കിൽ യേശു അക്കാലത്തെ ഏറ്റവും വലിയ പണക്കാരനായിരിക്കേണ്ടതാണ്. പക്ഷേ, പിറന്നുവീഴാൻ ഒരു കൂരപോലും യേശുവിന് ലഭിച്ചില്ല. ഒരിക്കലും പണക്കാരനായതുമില്ല. ശിഷ്യൻമാരുടെ കാര്യവും മറിച്ചല്ല. രക്ഷിക്കപ്പെട്ടശേഷം പണക്കാരനായി മാറിയ ഒരു വിശ്വാസിയേക്കുറിച്ചും പുതിയനിയമം പറയുന്നില്ല. എന്നാൽ അപ്പൊസ്തലൻമാരും യെരൂശലേമിലെ സഭയും മറ്റും പലപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടിൽ ആയിരുന്നതായി ബൈബിൾ പറയുന്നുമുണ്ട്. ഇതാണ് സത്യം.

3. സമൃദ്ധിയുടെ ഉപദേശം പ്രസംഗിക്കുന്നവർ പണക്കാരാകുന്നു. അതെങ്ങനെ?

സാമാന്യ ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാകുന്ന രഹസ്യമേ ഇതിൻെറ പിന്നിലുള്ളൂ. കൈനോട്ടക്കാർ എങ്ങനെയാണ് പണമുണ്ടാക്കുന്നത്? "ഇതാ, നല്ല കാലം വരാൻ പോകുന്നു" എന്ന് അവർ പ്രവചിക്കും. അതുകേട്ട് ജനം സന്തോഷിക്കും. കൈനോട്ടക്കാരന് കൈനിറയെ പണം കൊടുക്കും. അനുഗ്രഹത്തിൻെറ സുവിശേഷക്കാർ പണമുണ്ടാക്കുന്നതും ഇങ്ങനെതന്നെ. "ഇതാ വരുന്നു അനുഗ്രഹം" എന്ന സുവിശേഷം കേട്ട് ജനം ആനന്ദനൃത്തം വെയ്ക്കും. പ്രസംഗകന് വാരിക്കോരി കൊടുക്കും. വാലല്ല തലയാക്കും എന്നു പ്രവചിക്കുന്നവർക്ക് എന്നും പണം കിട്ടിയിരുന്നു. ഏലിയാവിനേയും സെഖര്യാവിനേയും യോഹന്നാൻ സ്നാപകനേയും യേശുവിനേയും ഒക്കെ കൺവെൻഷന് വിളിക്കാൻ പോലും ആളുണ്ടാവില്ല.

4. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവരുടെ പ്രസംഗം കേട്ടാൽ ആർക്കും ആത്മീയ ഉണർവ്വുണ്ടാകും. ഇവരെ എതിർക്കുന്നവരുടെ പ്രസംഗം കേട്ടാൽ ആകെ നിരാശയാണ് തോന്നുന്നത്. എന്തുകൊണ്ട്?

തികച്ചും ലളിതമായ കാരണങ്ങളാണ് ഇതിൻെറ പിന്നിലുള്ളത്. "ഇതാ വരുന്നു അനുഗ്രഹം" എന്നു കേൾക്കുമ്പോൾ സന്തോഷമുണ്ടാകും. കഷ്ടതയും ബുദ്ധിമുട്ടും പരീക്ഷകളും അപമാനവും ഒക്കെ വരുന്നു എന്നു കേൾക്കുമ്പോൾ നിരാശ തോന്നും. അത്രതന്നെ.

പണമുണ്ടാകാൻ പോകുന്നു എന്നു കേൾക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം ആത്മീയ സന്തോഷമാണെന്ന തെറ്റിദ്ധാരണ മാറ്റുക. കാരണം, അത് ആത്മീയ സന്തോഷമല്ല. വിശദീകരിക്കാം. മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളുണ്ട്. 1തെസ. 5:23. നല്ല ഭക്ഷണം കിട്ടുമ്പോൾ ഉണ്ടാകുന്ന സന്തോഷം ആത്മീയ സന്തോഷമല്ല. കാരണം, ഭക്ഷണംകൊണ്ട് പോഷണം പ്രാപിക്കുന്നത് ആത്മാവല്ല ശരീരമാണ്. ബുദ്ധി. ഇച്ഛ, വികാരം എന്നിവയെ പോഷിപ്പിക്കുന്ന വിഭവങ്ങൾ ലഭിക്കുമ്പോൾ സന്തോഷിക്കുന്നത് ആത്മാവല്ല ദേഹിയാണ്. തമാശകൾ നിറഞ്ഞ പ്രസംഗം കേട്ട് ഉണ്ടായ ഉണർവ്വ് ആത്മീയ ഉണർവ്വല്ല. ആത്മാവിന് പോഷണം നൽകാൻ ദൈവാത്മാവിനും ദൈവവചനത്തിനും മാത്രമേ കഴിയൂ. അത് ലഭിക്കുമ്പോഴാണ് ആത്മീയ സന്തോഷം ഉണ്ടാകുന്നത്. മറ്റുള്ളതൊന്നും ആത്മീയസന്തോഷമല്ല.

അത്ഭുതത്തിന്റെ കഥ പറഞ്ഞ് ജനത്തെ ഇളക്കുന്ന എല്ലാവരിലും പൊതുവായി കണ്ടുവരുന്ന ലക്ഷണങ്ങൾ ഇവയാണ്:

1. അത്ഭുതം നടന്നു എന്ന് കൊട്ടിഘോഷിക്കുമെങ്കിലും അത്ഭുതം അനുഭവിച്ച വ്യക്തിയുടെ വിലാസവും ഫോൺ നമ്പറും തരികയില്ല.
2. നിരവധി അത്ഭുതം നടന്നു എന്ന് പ്രചരിപ്പിക്കുമെങ്കിലും ഒരെണ്ണം എടുത്തു പറയുകയില്ല. നിരവധി എന്നു പറയാൻ എളുപ്പമാണ്. അത് ശരിയാണോ എന്ന് പരിശോധിക്കാൻ ആവില്ലല്ലോ. ഒരെണ്ണത്തേക്കുറിച്ച് പറഞ്ഞാൽ അതേപ്പറ്റി വിശദമായി അന്വേഷിക്കാൻ ചിലരെങ്കിലും തുനിയും അതോടെ കള്ളി വെളിച്ചത്താകും.
3. തങ്ങൾക്ക് അത്ഭുത രോഗശാന്തിയുടെ വരമുണ്ടെന്ന് പ്രചരിപ്പിച്ച് ആളുകളെ തങ്ങളിലേക്ക് ആകർഷിക്കും.
4. കർത്താവായ യേശുവിലൂടെ ലഭിക്കുന്ന രക്ഷയ്ക്കു പകരം ഭൗതിക അനുഗ്രഹങ്ങളേക്കുറിച്ച് പ്രസംഗിക്കും.
5. ക്രൂശിനേക്കാൾ സിംഹാസനത്തിന് പ്രാധാന്യം കൊടുക്കും.
6. വേർപാടിന്റെ ഉപദേശം പ്രസംഗിക്കയില്ല.
7. വിമർശിക്കുന്നതോ ചോദ്യം ചെയ്യുന്നതോ സംശയം ചോദിക്കുന്നതോ പോലും ഇഷ്ടമല്ല.
8. വിയോജിക്കുന്നവരോട് കോപിക്കും. അവരെ ശപിക്കും.
9. തങ്ങൾക്ക് അപ്രമാദിത്വമുണ്ടെന്ന ഭാവത്തിൽ പെരുമാറും.

കർത്താവ് എന്താണ് വാഗ്ദത്തം ചെയ്തത്, അപ്പൊസ്തലൻമാർ ഈ വാഗ്ദത്തങ്ങൾ ഏതു വിധത്തിൽ പ്രാപിച്ചു, ലേഖനങ്ങളിൽ ഇവയേക്കുറിച്ച് എന്തു പറയുന്നു എന്നിങ്ങനെ പടിപടിയായി പരിശോധിക്കുക. ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലൻമാർക്ക് ദൈവം കൊടുക്കാതിരിക്കുകയും ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഉണർവ്വു പ്രസംഗകർക്കു മാത്രമായി മാറ്റി വെയ്ക്കുകയും ചെയ്ത പ്രത്യേക കൃപകളും കൃപാവരങ്ങളും ഉണ്ടെന്നാണ് വ്യാഖ്യാനമെങ്കിൽ ദൈവവചനം ഇത്തരത്തിലൊരു വ്യാഖ്യാനത്തിന് ഇടം നൽകുന്നില്ല എന്ന് മനസ്സിലാക്കുക.

# അഭിനന്ദിക്കാൻ പഠിക്കുക

**ഡേവിഡ് ജെ. ഷ്വാർട്ട്സ്**

അഭിനന്ദനം ഇഷ്ടപ്പെടാത്ത മനുഷ്യരില്ല. താൻ ചെയ്യുന്ന ജോലി പ്രധാനപ്പെട്ടതാണെന്നും അത് താൻ നന്നായി ചെയ്തെന്നും കേൾക്കുന്നത് ഏവർക്കും സന്തോഷ കരമാണ്. വലിയ നേട്ടങ്ങൾ ഉണ്ടാക്കുമ്പോൾ മാത്രമേ അഭിനന്ദിക്കാവൂ എന്നില്ല. ചെറിയ കാര്യങ്ങളും അഭിനന്ദനം അർഹിക്കുന്നു. കഴിവുള്ളിടത്തോളം, നേരിൽ കണ്ട് അഭിനന്ദനം അറിയിക്കുക. ദൂരെയുള്ളവരെ ഫോണിൽ വിളിച്ചോ കത്തെഴുതിയോ അഭിനന്ദിക്കുക.

പ്രാധാന്യമുള്ള വ്യക്തികൾ, സാധാരണക്കാർ, നിസ്സാരൻമാർ എന്നിങ്ങനെ മനുഷ്യരെ തരംതിരിക്കുന്നത് ഒഴിവാക്കുക. കാരണം, എല്ലാ മനുഷ്യരും പ്രാധാന്യമുള്ളവരാണ്. ആരെയും നിസ്സാരൻമാരായി തള്ളിക്കളയരുത്. കാരണം, അവരെയെല്ലാം നിങ്ങൾക്ക് ആവശ്യമായിവരും. തൂപ്പുകാരനും ഡോക്ടറും അവരവരുടെ നിലകളിൽ പ്രാധാന്യമുള്ളവരാണ്. മറ്റുള്ളവരെ രണ്ടാംതരക്കാരായി പരിഗണിക്കുന്നതിലൂടെ ഒരിക്കലും നിങ്ങൾക്ക് ഒന്നാംതരക്കാരനാകാൻ പറ്റില്ല.

2. പേരുപറഞ്ഞ് വിളിക്കുക.

പേരുപറഞ്ഞ് ആളുകളെ വിളിക്കുക. കാരണം, തങ്ങളുടെ പേര് കേൾക്കുവാൻ ജനങ്ങൾ ഇഷ്ടപ്പെടുന്നു. സാധനങ്ങളിൽ ഉപഭോക്താക്കളുടെ പേര് പ്രിന്റ് ചെയ്ത് കൊടുക്കുന്ന കച്ചവടക്കാർക്ക് കൂടുതൽ വില്പന ലഭിക്കുന്നത് ഈ കാരണത്താലത്രേ.

പേരു പറയുമ്പോൾ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കുക.

1. പേര് ശരിയായി ഉച്ചരിക്കുക
2. പേര് ശരിയായി എഴുതുക

നിങ്ങളുടെ പേര് ആരെങ്കിലും തെറ്റിച്ച് ഉച്ചരിക്കുന്നതു കേൾക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? ഇല്ലെന്ന് വ്യക്തം. നമ്മുടെ പേര് തെറ്റായി ഉച്ചരിക്കുന്നത് സഹിക്കാൻ നമുക്ക് കഴിഞ്ഞെന്നു വരില്ല.

പേരു പറഞ്ഞ് നമ്മോട് സംസാരിക്കാത്തവരോട് നാം ക്ഷമിച്ചേക്കാം. പക്ഷേ, പേര് തെറ്റായി ഉച്ചരിക്കുന്നവരോട് നമ്മുടെ ഉപബോധ മനസ്സ് ക്ഷമിക്കയില്ല. അതുപോലെതന്നെയാണ് പേര് തെറ്റിച്ച് എഴുതുന്നതും. ഒരിക്കലും ഒരു വ്യക്തിയുടെ പേര് തെറ്റിച്ചെഴുതരുത്. അത് അയാളുടെ ആത്മാഭിമാനത്തെ തളർത്തും. അയാൾ നിങ്ങളെ വെറുക്കും. ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്ന കാര്യമാണത്.

3. മഹത്വം പങ്കുവെയ്ക്കുക

നിങ്ങൾക്കു ലഭിക്കുന്ന അഭിനന്ദനങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കുക. കാരണം, നിങ്ങളുടെ മാത്രം കഴിവുകൊണ്ടല്ല പലപ്പോഴും നിങ്ങൾ വിജയിക്കുന്നത്. പ്രശംസ ശക്തിയാണ്. അത് ശരിയായ രീതിയിൽ വിനിയോഗിക്കുക. അത് സഹപ്രവർത്തകരുമായി പങ്കുവെയ്ക്കുക. നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ അവരുടെ ആത്മവിശ്വാസം വർദ്ധിക്കും. അവർ നിങ്ങളെ അധികമായി വിശ്വസിക്കാൻ ഇടയാകും.

അത്ഭുതകരമായ ഫലങ്ങൾ ഉളവാക്കാൻ കഴിയുന്ന ഒരു പരിശീലനം ഇതാ. എന്നും നിങ്ങൾ സ്വയം ചോദിക്കുക: "എന്റെ ഭാര്യയേയും മക്കളേയും സന്തോഷിപ്പിക്കാൻ ഇന്ന് എന്താണ് ചെയ്യാൻ കഴിയുക?"

ഈ ചോദ്യം അതീവ ലളിതമാണെന്ന് തോന്നിയേക്കാം. പക്ഷേ, സത്യം അതല്ല. കാരണം, അത്ഭുതകരമായ ഫലങ്ങൾ ഉളവാക്കാൻ ഇതിന് കഴിയും.

ഒരു ട്രെയിംഗ് പ്രോഗ്രാമിൽ ഞാൻ "കുടുംബ ബന്ധങ്ങളും ജോലിയും" എന്ന വിഷയത്തേക്കുറിച്ച് സംസാരിക്കുകയായിരുന്നു. അതോടുള്ള ബന്ധത്തിൽ ഞാൻ ഒരു ചോദ്യം ചോദിച്ചു: "ക്രിസ്തുമസ്സ്, ജൻമദിനം, വിവാഹവാർഷികം തുടങ്ങിയ സന്ദർഭങ്ങളിലൊഴികെ എപ്പോഴാണ് നിങ്ങൾ ഭാര്യക്ക് ഏറ്റവും ഒടുവിൽ സമ്മാനം കൊടുത്തത്?"

അവിടെ 35 ആളുകൾ ഉണ്ടായിരുന്നു. അവരിൽ ഒരാൾ മാത്രമാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉത്സവത്തിലല്ലാതെ ഒരു സമ്മാനം ഭാര്യക്ക് കൊടുത്തത്. മിക്കവർക്കും അത്തരത്തിലുള്ള ഒരു സംഭവം പറയാനേ ഇല്ലായിരുന്നു. എന്തുകൊണ്ടാണ് പല കുടുംബ ബന്ധങ്ങളും തകരാറിലാകുന്നത് എന്ന് വ്യക്തമാണല്ലോ. ഞാൻ അവർക്ക് ഒരു ഉപദേശം കൊടുത്തു.

"ഇന്ന് നിങ്ങൾ ഓരോ പുഷ്പവും വാങ്ങിക്കൊണ്ടുവേണം വീട്ടിൽ പോകുവാൻ. അത് നിങ്ങളുടെ ഭാര്യക്ക് കൊടുക്കുക. എന്നിട്ട് എന്തു സംഭവിക്കുന്നു എന്ന് നാളെ പറയണം".

പിറ്റേന്ന് എല്ലാവർക്കും ഒരു മറുപടിയേ പറയാനുണ്ടായിരുന്നുള്ളു. കേവലം രണ്ടുരൂപ വിലയുള്ള പുഷ്പം ലഭിച്ചതോടെ അവർ കൂടുതൽ സന്തോഷവതിയായി കാണപ്പെട്ടു. ഇത് അവർക്ക് ഒരു പാഠമായി എന്ന് വിശേഷിച്ച് പറയേണ്ടില്ലല്ലോ.

നിങ്ങളുടെ കുടുംബത്തിന് എന്തെങ്കിലും ഒന്ന് വല്ലപ്പോഴും ചെയ്യുക. അത് വിലകൂടിയതെന്തെങ്കിലും ആയിരിക്കണമെന്നില്ല. അത് ഏതു രീതിയിൽ ചെയ്യുന്നു എന്നതാണ് പ്രാധാന്യമുള്ള കാര്യം. നിങ്ങൾ നിങ്ങളുടെ കുടുംബത്തെ സ്നേഹിക്കുന്നു എന്ന് തെളിയിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് പ്രധാന സംഗതി.

ഇത് വളരെ തിരക്കുപിടിച്ച ഒരു ലോകമാണ്. അതുകൊണ്ട് പലർക്കും തങ്ങളുടെ കുടുംബത്തെ ശ്രദ്ധിക്കാൻ സമയം കിട്ടാറില്ല. പക്ഷേ, നാം ശ്രമിച്ചാൽ നമുക്കത് ചെയ്യാൻ കഴിയും. ഇത് എങ്ങനെ ചെയ്യുന്നു എന്ന് ഒരിക്കൽ ഒരു കമ്പനിയുടെ ഉടമസ്ഥൻ എന്നോട് പറയുകയുണ്ടായി.

"വളരെ തിരക്കുള്ള ജോലിയാണ് ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് വീട്ടിൽ എത്തിയാലും ജോലിയിൽ തുടരാതെ പറ്റില്ല. എങ്കിലും ഞാൻ എന്റെ കുടുംബത്തെ അവഗണിക്കാറില്ല. കാരണം, അതാണ് എന്റെ ഏറ്റവും വലിയ സമ്പത്ത്. എന്റെ കുടുംബത്തിനു വേണ്ടിയാണല്ലോ ഞാൻ ഇത്ര കഠിനാധ്വാനം ചെയ്യുന്നത്. ജോലിയോടൊപ്പം കുടുംബത്തേയും ശ്രദ്ധിക്കാൻ ഞാൻ ഒരു വഴി കണ്ടുപിടിച്ചിട്ടുണ്ട്. എല്ലാ ദിവസവും വൈകിട്ട് എഴര മുതലുള്ള ഒരു മണിക്കൂർ സമയം ഞാൻ എന്റെ കുട്ടികളോടൊപ്പം ചെലവഴിക്കുന്നു. അവരുമായി തമാശ പറയാനും പാട്ടുപാടാനും കഥകൾ പറയാനും ഈ സമയം ഉപയോഗിക്കുന്നു. ഇത് കുട്ടികളെ സംതൃപ്തരാക്കുകയും എനിക്ക് മാനസികോൻമേഷം പ്രദാനം ചെയ്യുകയും ചെയ്യുന്നു. അതു കഴിഞ്ഞ് ഞാൻ എന്റെ ജോലി തുടരുന്നു. പത്തര ആകുമ്പോൾ ഞാൻ ജോലി നിർത്തും. തുടർന്നുള്ള ഒരു മണിക്കൂർ എന്റെ ഭാര്യയ്ക്കുള്ള സമയമാണ്. ഞങ്ങൾ കുട്ടികളേക്കുറിച്ചും കുടുംബ പ്രശ്നങ്ങളേക്കുറിച്ചും സംസാരിക്കും. ഭാവിയേക്കുറിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഈ സമയത്താണ്. മറ്റ് ആരുടേയും ശല്യമില്ലാതെ ഞങ്ങൾ ചെലവഴിക്കുന്ന ഈ സമയം ഞങ്ങളുടെ സ്നേഹ ബന്ധത്തിന്റെ അടിത്തറയാണ്. കൂടാതെ, ഞായറാഴ്ച ഞാൻ കുടുംബത്തിനായി മാറ്റിവെയ്ക്കുന്നു. അന്ന് ഔദ്യോഗിക പരിപാടികൾ ഒന്നുമില്ല. അങ്ങനെ, ഞാൻ ജോലിയോടൊപ്പം എന്റെ കുടുംബത്തേയും സന്തോഷിപ്പിക്കുന്നു".

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഇത് കൺവെൻഷൻ സീസണാണ്. നിരവധി കൺവെൻഷനുകൾ ഇക്കൊല്ലവും നടക്കും. ഈ കൺവെൻഷനുകൾകൊണ്ട് എന്തെങ്കിലും ഗുണം ഉണ്ടാകുന്നുണ്ടോ?

■ ഗുണവും ദോഷവും പറയാനുണ്ട്. ആദ്യം ഗുണം പറയാം.

1. ആണ്ടുതോറും പെരുനാളോ ഉത്സവങ്ങളോ ഘോഷിക്കുന്ന സമുദായങ്ങളിൽനിന്നും മതങ്ങളിൽ നിന്നും വിശ്വാസത്തിൽ വന്നവരാണ് പെന്തക്കോസ്ത് സഭാംഗങ്ങളിൽ ഭൂരിപക്ഷവും. അവർക്ക് ആണ്ടിലൊരിക്കലെങ്കിലും ഒരു ആഘോഷം നടത്തിയേ കഴിയൂ. പെന്തക്കോസ്ത് സഭകളിൽ നടക്കുന്ന കൺവെൻഷൻ ഇതിന് ഉപകരിക്കുന്നു. സമുദായത്തിൽ പെരുന്നാൾ. ഇവിടെ കൺവെൻഷൻ. രണ്ടും അടിപൊളി.

2. പ്രസംഗം തൊഴിലാക്കിയ കുറെ ആളുകൾ പെന്തക്കോസ്തിലുണ്ട്. കൺവെൻഷനുകൾ ഇല്ലാതായാൽ ഇത്തരക്കാരക്കാരുടെ കഞ്ഞികുടി മുട്ടും. (കഞ്ഞികുടി എന്നത് ആലങ്കാരികമായി പറഞ്ഞതാണ്. ഇക്കാലത്തെ കൺവെൻഷൻ പ്രസംഗകർ വെറും കഞ്ഞികളോ കഞ്ഞികുടിയൻമാരോ അല്ല. വ്യഭിചാരം, മോഷണം, തട്ടിപ്പ് തുടങ്ങിയവയിലെല്ലാം വിദഗ്ദ്ധരാണ് ഇവരിൽ ഭൂരിപക്ഷവും. ഇത്തരക്കാർക്കാണ് മാർക്കറ്റുള്ളതെന്നും എടുത്തു പറയേണ്ടതുണ്ട്. ഇവർക്ക് കഞ്ഞി കൊടുക്കാൻ തുനിഞ്ഞാൽ എന്തു സംഭവിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ).

3. ഗായക സംഘങ്ങൾക്കും കൺവെൻഷൻ കൂടാതെ നിലനിൽപ്പില്ല. ചെറുതും വലുതുമായ നിരവധി ഗായക സംഘങ്ങൾ കേരളത്തിലുണ്ട്. കൺവെൻഷൻ കോൺട്രാക്ട് എടുത്ത് നടത്തിക്കൊടുക്കുന്ന വൻകിട സംഘങ്ങൾ മുതൽ പരമ ദയനീയമായ സ്ഥിതിയിലുള്ള ദരിദ്രവാസി സംഘങ്ങൾ വരെ ഈ രംഗത്തുണ്ട്. (കൺവെൻഷൻ ഗ്രൗണ്ടിനു സമീപത്തു ജീവിക്കുന്ന നാൽക്കാലികൾ വിരണ്ടോടുന്നതുമൂലം അയൽക്കാർക്ക് ചില്ലറ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട് എന്ന വസ്തുത മറക്കുന്നില്ല).

4. ഉപദേശിമാർക്കും കുറെ വിശ്വാസികൾക്കും ഷൈൻ ചെയ്യാൻ കഴിയുന്നു എന്നതും ഒരു ഗുണം തന്നെ. കൺവെൻഷനുകളിൽ ഭാരവാഹിയും പ്രാർത്ഥനക്കാരനും മറ്റുമായി ഇവർ ഓടി നടക്കുന്നതു കാണാം.

5. ജനറൽ കൺവെൻഷനുകളിൽ പരദൂഷണം, പരിചയം പുതുക്കൽ തുടങ്ങിയ സ്ഥിരം പരിപാടികൾക്കു പുറമെ വണ്ടിക്കച്ചവടം, മൊബൈൽ ഹാന്റ് സെറ്റ് കച്ചവടം, കല്യാണം ആലോചന തുടങ്ങിയവയും നടക്കുന്നു.

ഇത്രയുമൊക്കെയാണ് പ്രധാന ഗുണങ്ങൾ. ഇനി ദോഷവശങ്ങൾ:

1. ദൈവനാമം ദുഷിക്കുന്നു എന്നതാണ് ഭരിപക്ഷം കൺവെൻഷനുകളും കൊണ്ടുള്ള പ്രധാന ഗുണം. പ്രസംഗകർ ദൈവനാമത്തിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ കണ്ട് സാമാന്യ ബോധമുള്ള പൊതുജനം ആർത്തുചിരിക്കുകയാണ്.

2. പ്രസംഗിക്കാൻ എത്തുന്നത് സുരേഷ് ബാബു, കെ.സി. ജോൺ, സാമച്ചൻ തുടങ്ങിയവരേപ്പോലുള്ളവരാണെങ്കിൽ യഥാസമയം ഒരു കൊച്ചു ലാഭമുണ്ടാകാനുള്ള സാധ്യയുണ്ട്. ലാഭം ഏതായാലും നല്ലതുതന്നെ എന്നു കരുതുന്നവർക്ക് ഇതും നൻമയായി കണക്കാക്കാൻ ബുദ്ധിമുട്ടുണ്ടാകില്ലെങ്കിലും ചില ആലിന്റെയൊക്കെ തണൽ വേണ്ടെന്നു വെയ്ക്കാൻ തയ്യാറുള്ളവർക്ക് ഈ ലാഭവും വേണ്ടെന്നു വെയ്ക്കേണ്ടതായി വരും.

3. ദൈവമക്കളേയും പൊതുജനങ്ങളേയും ഈ കൺവെൻഷൻ പ്രസംഗകർ ദുരുപദേശം പഠിപ്പിച്ച് വഴിതെറ്റിക്കുന്നു എന്നത് അതീവ ഗൗരവമുള്ള പ്രശ്നമാണ്. ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കുന്ന കൺവെൻഷൻ പ്രസംഗകർ വിരളമാണ്. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കി കൺവെൻഷൻ അനുഗ്രഹപ്രദമാക്കി തീർക്കുന്നവരാണ് ഭൂരിപക്ഷവും. സത്യ സുവിശേഷം കേട്ടാൽ ഉണർവ്വുണ്ടാകുന്നവർ ഏറെയില്ല. അനുഗ്രഹത്തിന്റെ സുവിശേഷം കേട്ടാൽ ഇളക്കാത്തവരും ഏറെയില്ല. അതുകൊണ്ട് ജനത്തെ ഇളക്കാൻ ഭൂരിപക്ഷം ഉണർവ്വ് പ്രസംഗകരും അനുഗ്രഹത്തിന്റെ സുവിശേഷമെന്ന വ്യാജം പ്രസംഗിക്കുന്നു. കർത്താവ് വാഗ്ദത്തം ചെയ്തിട്ടില്ലാത്തത് നിവൃത്തിയാക്കാനുള്ള ബാദ്ധ്യത കർത്താവിനില്ല. അതുകൊണ്ട് അനുഗ്രഹത്തിന്റെ സുവിശേഷം കേട്ട് ഇളകുന്നവർ ഒടുവിൽ നിരാശപ്പെടും.

4. കള്ള നാണയങ്ങൾ നല്ല നാണയങ്ങളെ പുറത്താക്കുന്നു എന്നൊരു സിദ്ധാന്തം സാമ്പത്തിക ശാസ്ത്രത്തിലുണ്ട്. ആത്മീയ രംഗത്തും ഇതുതന്നെ സ്ഥിതി. സുരേഷ് ബാബു, പോൾ ഗോപാലകൃഷ്ണൻ, കെ.സി. ജോൺ, തങ്കു തുടങ്ങിയ വ്യാജൻമാർ യഥാർത്ഥ സുവിശേഷകരെ പുറംതള്ളുന്നു. അപകടകരമായ ഒരു സ്ഥിതിവിശേഷമാണിത്. സത്യ സുവിശേഷം പ്രസംഗിക്കുന്നവരെ ആർക്കും വേണ്ട. ഇതാ വരുന്നൂ അനുഗ്രഹം എന്നു പറഞ്ഞ് ജനവഞ്ചന നടത്തുന്നവർക്ക് കുശാൽ. ഇതാണ് ഇന്നത്തെ സ്ഥിതി.

5. കള്ളൻമാർ ദൈവദാസൻമാരായി പരിഗണിക്കപ്പെടാൻ ഇടയാകുന്നു എന്നതാണ് മറ്റൊരു ദോഷം. വാചാലമായി പ്രസംഗിക്കാൻ കഴിവുള്ളവരും എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കുന്നവരും ദൈവദാസൻമാരായി പരിഗണിക്കപ്പെടുന്നു. യഥാർത്ഥ ദൈവദാസൻമാർക്ക് അർഹിക്കുന്ന പരിഗണന കൊടുക്കാൻ മിക്കവരും തയ്യാറാകുന്നില്ല.

6. സാധുക്കളായ ദൈവമക്കൾ അധ്വാനിച്ചുണ്ടാക്കുന്ന പണം ഈ കള്ളൻമാർ തട്ടിയെടുക്കുന്നു എന്നത് ഏറ്റവും പ്രധാന ദോഷമാണ്. വ്യഭിചാരം തൊഴിലായി കൊണ്ടു നടക്കുന്ന സുരേഷ് ബാബു, കെ.സി.ജോൺ, സാമച്ചൻ തുടങ്ങിയവർ പണക്കാരായതെങ്ങനെ? സ്വയം അദ്ധ്വാനിച്ച് ഉണ്ടാക്കിയതാണോ? അല്ലെന്ന് വ്യക്തം. ദൈവദാസൻമാരുടെ വേഷം കെട്ടി ഉണ്ടാക്കിയതാണ്.

ഈ വിധത്തിൽ തട്ടിപ്പ് നടത്താൻ ഇവർക്ക് കഴിഞ്ഞതെങ്ങനെ? കൺവെൻഷനുകളിലൂടെ ഇവർക്കു ലഭിച്ച പ്രസിദ്ധി തന്നെ. കൺവെൻഷനുകൾ ഇല്ലെങ്കിലും യഥാർത്ഥ സുവിശേഷകരെ ജനം അറിയും. കാരണം, അവരുടെ പ്രവർത്തനത്തിന്റെ കേന്ദ്രബിന്ദു കൺവെൻഷനല്ല. പക്ഷേ, അതല്ല വ്യാജ സുവിശേഷകരുടെ സ്ഥിതി. കൺവെൻഷൻ പ്രസംഗം ഒഴികെ ഒരുവിധത്തിലുള്ള സുവിശേഷ വേലയും അവർ ചെയ്യുന്നില്ല. യഥാർത്ഥ സുവിശേഷം എന്തെന്നുതന്നെ ഈ വ്യാജൻമാർക്ക് അറിഞ്ഞുകൂടാ.

കൺവെൻഷനുകൾ ആചാരമായി മാറിക്കൊണ്ടിരിക്കുകയാണ്. ജനറൽ കൺവെൻഷൻ എന്നത് ഒരു പ്രസ്റ്റീജ് ഇഷ്യൂ ആണ്. ബൈബിളിൽ ഉള്ളത് അതേപടി പഠിപ്പിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നവരാണ് പെന്തക്കോസ്തുകാർ എന്നാണ് വെയ്പ്. അതുകൊണ്ട് ചോദിക്കട്ടെ: ബൈബിളിലെ ഏതു വാക്യത്തിലാണ് ജനറൽ കൺവെൻഷനേക്കുറിച്ച് പറയുന്നത്? എവിടെയാണ് സെക്രട്ടറിയും പ്രസിഡന്റും ഉള്ളത്? സെന്റർ പാസ്റ്ററെന്ന മഹാനേക്കുറിച്ച് ബൈബിളിൽ എവിടെയാണ് പരാമർശമുള്ളത്? ഇതിനൊന്നും മറുപടി പറയാൻ പറ്റില്ല. കാരണം, ഇതൊന്നും ബൈബിളിൽ ഉള്ളതല്ല. ഇങ്ങനെ ബൈബിളിൽ ഇല്ലാത്തതൊക്കെ ഉണ്ടാക്കിവെച്ചതിന്റെ ഫലമാണ് നാം ഇപ്പോൾ അനുഭവിക്കുന്നത്.

# വിശുദ്ധൻമാരോടുള്ള പ്രാർത്ഥന

ദൈവദാസന്മാർ ഭൂമിയിൽ ആയിരിക്കുമ്പോൾ പലരും അവരുടെ പ്രാർത്ഥനയാൽ അനുഗ്രഹം പ്രാപിച്ചതായി ബൈബിളിൽ രേഖയുണ്ട്. എന്നാൽ ഏതെങ്കിലും മനുഷ്യൻ – വിശുദ്ധനോ അശുദ്ധനോ – മരിച്ചശേഷം മറ്റുള്ളവരുടെ അപേക്ഷയനുസരിച്ച് പ്രാർത്ഥിച്ചതായി ദൈവവചനത്തിലില്ല.

ദൈവം സർവ്വവ്യാപിയാണ്. ലോകത്തിന്റെ ഏതു കോണിൽ നടക്കുന്ന കാര്യവും ദൈവം കാണുന്നു. എവിടിരുന്നു പ്രാർത്ഥിച്ചാലും ദൈവം കേൾക്കുന്നു. പക്ഷേ ജീവിച്ചിരിക്കുന്ന ഒരു മനുഷ്യനും ഇത്തരമൊരു കഴിവില്ല. എന്നാൽ മരിച്ചശേഷം വിശുദ്ധന്മാർ സർവ്വവ്യാപികളാകുമോ? ഒരു ഉദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം.

യേശുവിന്റെ അമ്മയായ മറിയം കാനാവിൽ വച്ച് യേശുവിനോടപേക്ഷിച്ചു. പക്ഷേ മറിയം മരിച്ചശേഷം ലോകമെമ്പാടുമുള്ളവരുടെ പ്രാർത്ഥന കേട്ട് ഉത്തരമരുളുന്നത്രേ! എങ്ങനെ? ഇന്ത്യയിലും അമേരിക്കയിലും ആഫ്രിക്കയിലും ജപ്പാനിലും ഒക്കെയിരുന്ന് മറിയത്തോടു പ്രാർത്ഥിക്കുന്നത് മറിയം കേൾക്കുന്നതെങ്ങനെ? ഇതൊന്നും മിക്കവരും ചിന്തിക്കാറില്ല.

ഇനി മറ്റൊരു പ്രശ്നം. മനുഷ്യൻ ഏതു ഭാഷയിൽ പ്രാർത്ഥിച്ചാലും ദൈവത്തിനു മനസ്സിലാകും. കാരണം, ദൈവം സർവ്വജ്ഞാനിയാണ്. പക്ഷേ വിശുദ്ധന്മാർക്ക് ഇത്തരമൊരു കഴിവുണ്ടോ? മറിയത്തിനു മലയാളം അറിഞ്ഞുകൂടെന്നു തീർച്ച. പക്ഷെ നമ്മൾ മലയാളത്തിൽ മറിയത്തോടു പ്രാർത്ഥിക്കുന്നതിനും മറിയം മറുപടി തരുമത്രേ! എങ്ങനെ? മരിക്കുന്നതോടെ വിശുദ്ധന്മാർ സർവ്വഭാഷയും മനസ്സിലാക്കാൻ തുടങ്ങുമോ?

''ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കുകയോ ചെയ്യരുത്.'' (പുറ. 20:4, 5). പത്തു കല്പനകളിൽ രണ്ടാമത്തെ കല്പനയാണിത്. ഇങ്ങനെയൊരു കല്പനയുണ്ടെന്നു തന്നെ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷത്തിനും അറിഞ്ഞുകൂടാ. ഉദാഹരണമായി കത്തോലിക്കരുടെ പത്തു കല്പനയിൽ ഈ കല്പനയില്ല. എങ്കിലും പത്തുണ്ടു താനും. എങ്ങനെയിതു സാധിച്ചു? ''അന്യന്റെ ഭാര്യയെ മോഹിക്കരുത്, അന്യന്റെ വസ്തുക്കൾ മോഹിക്കരുത്'' എന്നിങ്ങനെയുള്ള പത്താം കല്പന രണ്ടു കഷണമാക്കി പ്രശ്നം തീർത്തു.

വിഗ്രഹം ഉണ്ടാക്കരുത്. ഉണ്ടാക്കിയിട്ടു വേണമല്ലോ ആരാധിക്കയോ വണങ്ങുകയോ ഒക്കെ ചെയ്യാൻ. ഫോട്ടോ വെച്ച് മെഴുകുതിരി കത്തിക്കുന്നതും വിഗ്രഹാരാധനയാണ്. വിഗ്രഹം ആരുടേതായാലും വിഗ്രഹം തന്നെ. യേശു, മറിയം, പുണ്യവാളൻ തുടങ്ങി ആരുടേയും വിഗ്രഹമോ ഫോട്ടോയോ ഉണ്ടാക്കുവാൻ പോലും പാടില്ല. ഹൃദയം നെഞ്ചിന്റെ പുറത്തു ഫിറ്റ് ചെയ്ത യേശുവും മറിയവും മുതൽ ഏതെല്ലാം വിധത്തിലുള്ള വിഗ്രഹങ്ങളാണ് സാത്താൻ പടച്ചുവിട്ടിരിക്കുന്നത്. യേശു തന്നെ പലവിധം. ഉണ്ണിയേശു, പയ്യൻ യേശു, മേലോട്ടു നോക്കിയിരിക്കുന്ന യേശു, കുരിശു ചുമക്കുന്ന യേശു, കുരിശിൽ കിടക്കുന്ന യേശു, ഹൃദയം നെഞ്ചിനു വെളിയിലാക്കി രണ്ടു വിരൽ ഉയർത്തിക്കാട്ടി തല 60 ഡിഗ്രി ചരിവിൽ പിടിച്ചു നിൽക്കുന്ന ഹിപ്പി യേശു ഇത്യാദി. കഷ്ടമെന്നു പറയേണ്ടൂ ക്രിസ്ത്യാനികൾ ബൈബിൾ പഠിക്കാതെ പോയതിന്റെ പരിണിത ഫലമാണിതൊക്കെ.

വിഗ്രഹാരാധന കടുത്ത പാപമാണ്, അതു സാത്താന്യമാണ്. വിഗ്രഹങ്ങൾ ഉണ്ടാക്കരുത്. അവയെ ആരാധിക്കരുത്; വണങ്ങുകയുമരുത്. വിഗ്രഹങ്ങളുടെ പിന്നിൽ പ്രവർത്തി ക്കുന്നത് ദൈവശക്തിയല്ല. ഈ വിഷയം അല്പംകൂടി വിശദമാക്കാം.

ഒരിക്കൽ ഒരു ദൈവദാസൻ ഒരു സഹോദരിക്കായി പ്രാർത്ഥിച്ചപ്പോൾ ഒരു ഭൂതം വെളിപ്പെട്ടു. താൻ ഉണ്ണൂണ്ണി സാർ ആണെന്നു ഭൂതം അറിയിച്ചു. IPC സഭയുട പ്രസിഡന്റായിരുന്ന ഉണ്ണൂണ്ണി സാർ മരിച്ചിട്ട് രണ്ടര ദശാബ്ദമായി. അദ്ദേഹം ഇന്ന് സ്വർഗ്ഗീയ പറുദീസയിൽ വിശ്രമിക്കുകയാണ്. താൻ ഭൂതമായി ഭൂമിയിൽ അലയേണ്ട കാര്യമില്ല. പക്ഷേ ഭൂതം എന്തേ അദ്ദേഹത്തിന്റെ വേഷം കെട്ടി? വിശദമായ അന്വേഷണാനന്തരം പ്രശ്നം വ്യക്തമായി. പ്രസ്തുത സഹോദരിക്ക് എവിടെ നിന്നോ ഉണ്ണൂണ്ണി സാറിന്റെ ഒരു ഫോട്ടോ കിട്ടി. അവർ അത് ഫ്രെയിം ചെയ്ത് ഭിത്തിയിൽ സ്ഥാപിച്ചു. സീറോ വാട്ടിന്റെ ഒരു ബൾബും അതിന്റെ മുമ്പിൽ ഫിറ്റു ചെയ്തു. അത്രതന്നെ.

ഫോട്ടോയെ ആരാധിക്കുകയും മറ്റും ചെയ്തില്ലെന്നും എടുത്തുപറയട്ടെ. പക്ഷേ ചെയ്തതു തന്നെ വേണ്ടതിലധികമായിരുന്നു. അതുവഴി കറങ്ങി നടന്ന ഒരു ഭൂതം ഫോട്ടോയും ബൾബും കണ്ടു, നന്നേ ബോധിച്ചു. ആ സ്ത്രീയെ അവർക്കു പ്രിയപ്പെട്ട ഉണ്ണൂണ്ണി സാറായി ബാധിച്ചു. യേശുവിന്റെ നാമത്തിൽ ഉണ്ണൂണ്ണി സാറിന്റെ പുറത്താക്കിയെന്നും സാന്ദർഭികമായി പറയട്ടെ.

വിഗ്രഹവും ഫോട്ടോയും മറ്റും വയ്ക്കുന്നത് എത്ര ഗൗരവമുള്ള സംഗതിയാണെന്നു ചൂണ്ടിക്കാണിക്കുവാൻ ഈ സംഭവം വിവരിച്ചുവെന്നേയുള്ളൂ. മറിയം, യേശു, പുണ്യവാളൻ, പുണ്യവതി തുടങ്ങി ഏതു പേരിൽ വിഗ്രഹം വച്ചാലും സാത്താന് സന്തോഷം തന്നെ. ഉടൻതന്നെ അവൻ ഒരു ഭൂതത്തെ അവിടെ നിയമിക്കുന്നു. കൂടുതൽ ശക്തിയുള്ള ഭൂതങ്ങളെയോ, ഒന്നിലധികം ഭൂതങ്ങളെയോ കാലക്രമത്തിൽ ആക്കിയെന്നു വരം. വിഗ്രഹാരാധനയുള്ള സ്ഥലങ്ങളിൽ നടക്കുന്ന അത്ഭുതങ്ങൾ ഇത്തരക്കാർ ഉണ്ടാക്കുന്നതാണ്.

വിശുദ്ധരുടെ പേരിൽ നടക്കുന്ന എല്ലാ അത്ഭുതങ്ങളും സാത്താന്യമാണ്. അത്ഭുത രോഗസൗഖ്യം, ഭൂതശാന്തി തുടങ്ങി എന്തും ഇവിടെ നടക്കും. ജനം വിശ്വസിക്കും. വിഗ്രഹാരാധന വർദ്ധിക്കും. സാത്താനു സന്തോഷിക്കാൻ ഇതിൽപ്പരം എന്തു വേണം?

വിശുദ്ധന്മാർ ഉപയോഗിച്ച വസ്ത്രം, മറ്റു വസ്തുക്കൾ, അവരുടെ മുടി, എല്ല് തുടങ്ങിയ അവശിഷ്ടങ്ങൾ തുടങ്ങിയവയെല്ലാം തിരുശേഷിപ്പാണ്. ഇവയൊക്കെ അത്ഭുതം പ്രവർത്തിക്കുമത്രേ. ഇതിനാധാരമായി ചൂണ്ടിക്കാട്ടുന്ന വചനഭാഗങ്ങളും നാം കണ്ടുകഴിഞ്ഞല്ലോ. എന്നാൽ തിരുശേഷിപ്പ് എന്ന ആശയം ദൈവവചനത്തിൽ നിന്നുള്ളതല്ല എന്നതു സത്യമാണ്. സംശയമുള്ളവർ ബൈബിൾ ആദിയോടന്തം പരിശോധിക്കൂ.

പഴയനിയമത്തിലോ പുതിയനിയമത്തിലോ ഏതെങ്കിലും ദൈവദാസന്റെ ശരീരഭാഗങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവ പൊതുവണക്കത്തിനായി വച്ചിട്ടുണ്ടോ? അതിന്റെ മുമ്പിൽ നേർച്ചക്കുറ്റികൾ സ്ഥാപിച്ചുവോ? കെടാവിളക്കു വെച്ചിട്ടുണ്ടോ? മെഴുകുതിരി കത്തിച്ചിട്ടുണ്ടോ? ആരെങ്കിലും, ചത്തവരോടോ, അവരുടെ അവശിഷ്ടങ്ങളോടോ പ്രാർത്ഥിച്ചിട്ടുണ്ടോ? 'ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ' എന്ന് മരിച്ചവരോടു പറഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെ?

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വ്യക്തികളെല്ലാം വിശുദ്ധരാണെന്നും ദൈവമൊഴികെ പരിശുദ്ധനില്ലെന്നും നാം കണ്ടുകഴിഞ്ഞു. എന്നാൽ വീണ്ടും ജനനം എന്ന അനുഭവം സഭയിൽ ഇല്ലാതായതോടെ 'രക്ഷാനിർണ്ണയം' ഇല്ലാതായി. 'ഞാൻ രക്ഷിക്കപ്പെട്ടവനാണ് എന്നു പറയുവാൻ ധൈര്യവുമില്ലാതായി. അതുകൊണ്ടാണ് ഞങ്ങൾക്കു വേണ്ടി എപ്പോഴും ഞങ്ങളുടെ മരണസമയത്തും അപേക്ഷിക്കണമേ എന്നു പ്രാർത്ഥിക്കേണ്ടി വന്നത്. നാം രക്ഷിക്കപ്പെടുവാൻ മറ്റൊരാൾ പ്രാർത്ഥിച്ചാൽ പ്രയോജനമില്ല രക്ഷ നാം തന്നെ പ്രാപിക്കേണ്ടതാണ്. അത് യേശുവിനെ രക്ഷിതാവായി ജീവിതത്തിൽ സ്വീകരിക്കുമ്പോൾ ലഭിക്കുന്നു.

എങ്ങനെയാണ് ഒരാളെ വിശുദ്ധനോ പരിശുദ്ധനോ ഒക്കെ ആക്കുന്നതെന്ന് അറിയുന്നതു രസാവഹമാണ്. കത്തോലിക്കാ സഭയിൽ രണ്ട് അത്ഭുതം പ്രവർത്തിച്ചാൽ വിശുദ്ധനാകാമെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. ഓരോ സഭയ്ക്കും അതിന്റേതായ നിയമങ്ങളുണ്ടാകും. പക്ഷേ യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിക്കുന്ന കാര്യം മാത്രം ഇക്കൂട്ടർ പറയാറില്ല. കാരണം, വിശ്വസിക്കുന്ന ഏവനും യേശുവിന്റെ രക്തത്താൽ കഴുകപ്പെടുമെന്നും, അങ്ങനെയുള്ളവർ വിശുദ്ധരും നിത്യജീവന്റെ അവകാശികളും ആണെന്നും ഉള്ള സത്യം ജനം അറിഞ്ഞാൽ പുരോഹിതന്മാർക്കും വിശുദ്ധന്മാർക്കും പണിയില്ലാതാകുമല്ലോ.

ഏകമദ്ധ്യസ്ഥൻ

മരിച്ചുപോയ വിശുദ്ധന്മാർ ദൈവമുമ്പാകെ നമുക്കു വേണ്ടി മദ്ധ്യസ്ഥം വഹിക്കുന്നു എന്നാണ് പള്ളിമതം പഠിപ്പിക്കുന്നത്. പുരോഹിതന്മാരും മദ്ധ്യസ്ഥന്മാരത്രേ. പക്ഷേ ഈ വിഷയത്തിൽ ദൈവവചനം എന്തു പറയുന്നു? ''ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ.'' (1തിമോ. 2:5, 6). ഈ വിഷയം ഇതിൽ കൂടുതൽ വ്യക്തമായി പറയുന്നതെങ്ങനെ? ദൈവത്തിനും മനുഷ്യനും ഇടയിൽ ഒരു മദ്ധ്യസ്ഥനേയുള്ളൂ. നസ്രായനായ യേശു. ഒരു മദ്ധ്യസ്ഥനേയുള്ളൂ എന്നു ദൈവവചനം പറയുന്നു. പുരോഹിതന്മാരും മരിച്ച വിശുദ്ധന്മാരും മറ്റും മദ്ധ്യസ്ഥന്മാരാണെന്നു പള്ളിമതം പറയുന്നു. ഏതു വിശ്വസിക്കണം? പൗലോസ് ഇപ്രകാരം പറയുന്നു: ''ഞങ്ങൾ നിങ്ങളെ അറിയിച്ചതിനു വിപരീതമായി ഞങ്ങൾ തന്നെയോ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻ തന്നെയോ സുവിശേഷമറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ.'' (ഗലാ. 1:8). അങ്ങനെയാണെങ്കിൽ മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, മരിച്ചവരോടുള്ള പ്രാർത്ഥന, തിരുശേഷിപ്പ് വണങ്ങൽ, ധൂപപ്രാർത്ഥന തുടങ്ങിയ ദൈവവചന വിരുദ്ധമായ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നവർ ശപിക്കപ്പെട്ടവരല്ലേ?

അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. (യോഹ. 1:12). യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവരെല്ലാം ദൈവമക്കളാണ്. പിതാവായ ദൈവത്തോട് പ്രാർത്ഥിക്കുവാൻ ദൈവമക്കൾക്ക് മറ്റൊരു മനുഷ്യന്റെ ശുപാർശ വേണ്ട. ധൈര്യത്തോടെ കൃപാസനത്തോളം അടുത്തുചെല്ലുവാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്.

മന്ത്രിസഭയിലും മറ്റും വകുപ്പുവിഭജനമുള്ളതു പോലെ വിശുദ്ധന്മാർക്കും ചില പ്രത്യേക ഡിപ്പാർട്ടുമെന്റുകൾ വിശേഷവിധിയായി കിട്ടാറുണ്ട്. അസാദ്ധ്യ കാര്യങ്ങൾ സാധിപ്പിക്കുവാൻ യൂദാ, പാമ്പു ശല്യം തീർക്കാൻ ഗീവർഗീസ് എന്നൊക്കെയാണ് കേട്ടിട്ടുള്ളത്.

പത്രങ്ങളിൽ വരുന്ന ഉപകാരസ്മരണകൾ വായിച്ചാൽ ചിരിക്കാനുള്ള വക കിട്ടും. പുണ്യവാളന്റെ പടം. അതിനടിയിൽ ''ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിന് ഉപകാരസ്മരണ, താമസിച്ചതിനു ക്ഷമാപണം'' എന്നിവയും വിശ്വാസിയുടെ പേരും ഉണ്ടാകും. ചിലപ്പോൾ പേരിനു പകരം ചില ഇനിഷ്യൽസ് മാത്രമേ ഉണ്ടാകൂ. ''ഒരു വിശ്വാസി'' എന്നു മാത്രം എഴുതുന്നവരും ഉണ്ട്. എവിടെ നിന്നു കിട്ടി ഈ പരിപാടി? ബൈബിളിൽ നിന്നോ? ബൈബിളിൽ ഇതൊന്നുമില്ല. ഇതിനെതിരായി തെളിവുണ്ടുതാനും. പിന്നെവിടെ നിന്ന്? പള്ളിമതത്തിൽ നിന്ന്, അതിന്റെ പിന്നിലുള്ള സാത്താനിൽ നിന്ന്.

''താമസിച്ചതിനു ക്ഷമാപണം'' എന്ന ഭാഗം ഒന്നാംതരമായിട്ടുണ്ട്. എന്തോ ഒരു കാര്യം സാധിച്ചു കിട്ടാൻ ''ഒരു വിശ്വാസി'' പുണ്യവാളനോട് പ്രാർത്ഥിച്ചു. പുണ്യവാളൻ കാര്യം സാധിച്ചുകൊടുക്കയും ചെയ്തു. അന്നു മുതൽ പുണ്യവാളൻ പത്രങ്ങളായ പത്രങ്ങളെല്ലാം പരിശോധനയാരംഭിച്ചു. എവിടെ ഉപകാരസ്മരണ? നന്ദികെട്ട വർഗ്ഗം. ഇത്ര വലിയ ഒരു ഉപകാരം ചെയ്തുകൊടുത്തിട്ട് അയ്യായിരമോ പതിനായിരമോ മുടക്കി ഒരു ഉപകാരസ്മരണ കൊടുക്കുവാൻ തോന്നിയില്ലല്ലോ. പുണ്യവാളൻ അങ്ങനെ കോപിച്ച്, മുഖം വീർപ്പിച്ചിരിക്കെ ഒരു ദിവസമതാ വന്നിരിക്കുന്നു ഒന്നാംതരമൊരു സ്മരണ. താമസിച്ചതിനു ക്ഷമാപണവും നടത്തിയിട്ടുണ്ട്. പുണ്യവാളനു സന്തോഷമായി. എങ്കിലും അവൻ എന്നെ മറന്നിട്ടില്ല. മതി, ഇത്രയും മതി. താമസിച്ചതൊക്കെ ക്ഷമിച്ചിരിക്കുന്നു.

ഉപകാരം ചെയ്തു കിട്ടിയതിനാൽ വിശ്വാസിക്കു സന്തോഷം. ഉപകാരസ്മരണ കൊടുത്തതിന് പുണ്യവാളനു സന്തോഷം. പരസ്യ ചാർജ്ജായി നല്ലൊരു തുക കിട്ടിയതുകൊണ്ട് പത്രക്കാർക്കു സന്തോഷം. മനുഷ്യർ ദൈവവചന വിരുദ്ധമായതൊക്കെ ചെയ്യുന്നതിൽ സാത്താനും ബഹുസന്തോഷം. ദുഃഖം ദൈവാത്മാവിനു മാത്രം.

''ഹാ, ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിനു മുമ്പിൽ വരച്ചു കിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയതാര്? (ഗലാ. 3:1). തോമാശ്ലീഹാ വരെയെത്തുന്ന പാരമ്പര്യം പറയുന്നവർ ബൈബിൾ പഠിക്കാൻ സമയം കണ്ടെത്തിയിരുന്നെങ്കിൽ ഇത്തരം വിഡ്ഢിത്തങ്ങളുടെ പിന്നാലെ പോകയില്ലായിരുന്നു. പ്രിയ സഹോദരങ്ങളേ, പറയൂ, നമ്മുടെ മനോരമയും ദീപികയും മംഗളവും മറ്റും സ്വർഗ്ഗത്തിലോ നരകത്തിലോ പാതാളത്തിലോ എത്തുന്നുണ്ടോ? നാം കൊടുക്കുന്ന ഉപകാരസ്മരണകൾ പുണ്യവാളന്മാരും മറ്റും എങ്ങനെയാണ് കാണുക? ഇതൊക്കെ ശുദ്ധ ഭോഷത്തമല്ലേ?

''മഹിമയോടന്തിമ വിധിനാളിൽ
കർത്താവേ നീ അണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ''

എന്ന പാട്ടിന്റെ അകമ്പടിയോടെ ചരമ അറിയിപ്പും ചരമവാർഷിക അറിയിപ്പും കൊടുക്കുന്നവരോടും ചോദിക്കട്ടെ, കർത്താവ് ഈ പത്രം വായിച്ചിട്ട്, ഈ പ്രാർത്ഥന നടത്തിയതിന്റെ പേരിൽ പരേതനെ സ്വർഗ്ഗത്തിലാക്കുമോ? രക്ഷിക്കപ്പെടാത്തവൻ ഇത്തരമൊരു പ്രാർത്ഥന പത്രത്തിൽ കൊടുത്തതിന്റെ പേരിൽ സ്വർഗ്ഗത്തിലെത്തുമോ? രക്ഷിക്കപ്പെട്ടവൻ സ്വർഗ്ഗത്തിലെത്താൻ പത്രത്തിൽ പ്രാർത്ഥന കൊടുക്കേണ്ട ആവശ്യമുണ്ടോ? പത്രക്കാർക്ക് കുറച്ചു പണം കിട്ടി എന്നതിൽ കവിഞ്ഞ് ഇത്തരം പരസ്യങ്ങളിലൂടെ എന്താണു നേടുന്നത്.

## ഡിഫെൻഡർ സൗജന്യമായി ലഭിക്കയില്ല

ഡിഫെൻഡർ സൗജന്യമായി ലഭിക്കുമെന്ന ധാരണയിൽ നിരവധി ആളുകൾ കത്തയക്കാറുണ്ട്. ഇത്തരം കത്തുകൾക്ക് ഡിഫെൻഡർ ഓഫീസിൽ നിന്ന് മറുപടിപോലും ലഭിക്കയില്ല എന്ന് അറിയിക്കട്ടെ. മാസത്തിൽ ഒരിക്കൽ നാലു പേജ് പ്രസിദ്ധീകരിച്ചിരുന്ന കാലത്ത് ഡിഫെൻഡർ തികച്ചും സൗജന്യമായി നൽകുവാൻ കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി. അതുകൊണ്ട് ഡിഫെൻഡർ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ 100 രൂപ വാർഷിക വരിസംഖ്യ നൽകേണ്ടതാണ്. വിലാസം രണ്ടാം പേജിൽ.

# മറിയവും ചില തെറ്റിദ്ധാരണകളും

യേശുവിന്റെ അമ്മയായ മറിയത്തെ വണങ്ങുന്നവരും മാതാവിന്റെ മദ്ധ്യസ്ഥതയിൽ വിശ്വസിക്കുന്നവരും നിരവധിയാകയാൽ ഇതേപ്പറ്റിയും ചില കാര്യങ്ങൾ സാന്ദർഭികമായി പറയട്ടെ. യേശുവിന് ഭൂമിയിൽ ജന്മം കൊടുക്കുവാൻ ദൈവം കൃപയാൽ തെരഞ്ഞെടുത്ത വ്യക്തിയെന്ന നിലയിൽ എനിക്ക് മറിയത്തോട് വളരെ ആദരവാണുള്ളതെന്ന കാര്യം ആരംഭത്തിൽ തന്നെ പറയുകയാണ്. എങ്കിലും ഒരു മനുഷ്യസ്ത്രീ എന്നതിൽ കവിഞ്ഞൊന്നും മറിയത്തെപ്പറ്റി ബൈബിളിലില്ലാത്തതിനാൽ എനിക്കും അത്രത്തോളമേ മറിയത്തെപ്പറ്റി പറയാനാവൂ. മറിയത്തിന്റെ മഹത്വം തെളിയിക്കുവാൻ പലരും ചൂണ്ടിക്കാട്ടുന്ന വാക്യങ്ങൾ പഠനവിധേയമാക്കിയ ശേഷം മറ്റു വിശദാംശങ്ങളിലേക്കു കടക്കാം.

1. നന്മനിറഞ്ഞ മറിയമേ നിനക്കു സ്തുതി

ഗബ്രിയേൽ ദൂതൻ മറിയത്തോട് പറഞ്ഞതായി പലരും ധരിച്ചിരിക്കുന്ന ഒരു വാചകമാണ് മേൽക്കാണുന്നത്. മറിയത്തെ ദൂതൻ 'നന്മ നിറഞ്ഞവൾ' എന്നു വിളിച്ചിട്ടുണ്ടോ? 'സ്തുതി'ക്കയും ചെയ്തോ?

സത്യവേദപുസ്തകത്തിൽ ഈ ഭാഗം ഇപ്രകാരം തർജ്ജമ ചെയ്തിരിക്കുന്നു: ''കൃപ ലഭിച്ചവളേ, നിനക്കു വന്ദനം'' (ലൂക്കോ. 1:28). ഹോശാന ബൈബിളിലെ തർജ്ജമ: ''കൃപ ലഭിച്ചവളേ, ആനന്ദിക്കൂ.'' അങ്ങനെയെങ്കിൽ ദൂതൻ മറിയത്തെ സ്തുതിക്കയോ നന്മനിറഞ്ഞവൾ എന്നു വിളിക്കയോ ചെയ്തില്ല.

''നന്മനിറഞ്ഞവൻ'' എന്ന വിശേഷണം ദൈവത്തിനു മാത്രമേ യോജിക്കൂ എന്ന് കർത്താവു തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. അതുപോലെ 'സ്തുതി'യും ദൈവം മറ്റാർക്കും വിട്ടുകൊടുക്കുകയില്ല. ദൂതന്മാർ ഒരിക്കലും ദൈവത്തെയൊഴികെ ആരെയും സ്തുതിക്കയില്ല. മറിയത്തെ മാത്രമല്ല, ഒരു മനുഷ്യനേയും സ്തുതിക്കരുത്.

മറിയം കൃപ ലഭിച്ചവളാണ്; കൃപ നിറഞ്ഞവളല്ല. കൃപ നിറഞ്ഞവൻ ദൈവം മാത്രമാണ്. ബാക്കിയുള്ളവരെല്ലാം കൃപ ലഭിച്ചവർ മാത്രം. അന്ന് ലക്ഷക്കണക്കിനു കന്യകമാർ ഉണ്ടായിരുന്നിട്ടും യേശുവിന്റെ അമ്മയാകുവാൻ ദൈവം തെരഞ്ഞെടുത്തത് മറിയത്തെ മാത്രമാണ്. എന്തുകൊണ്ട്? മറിയത്തിന്റെ നന്മയുടെ ആധിക്യം നിമിത്തമാണോ? മറിയത്തിൽ പാപമില്ലാതിരുന്നതിനാലാണോ?

മറിയം അമലോത്ഭവയോ?

മറിയം ജന്മപാപമില്ലാതെ ജനിച്ചെന്നും മറ്റും കെട്ടുകഥ സാത്താൻ പ്രചരിപ്പിച്ചിട്ടുണ്ട്. ഇത്തരമൊരു കാര്യത്തെപ്പറ്റി ബൈബിളിൽ ഒന്നും ഇല്ലെന്നു മിക്കവർക്കും അറിഞ്ഞുകൂടാ. മറിയത്തിൽ കർമ്മപാപവും ഇല്ലായിരുന്നു എന്നും സാത്താൻ പ്രചരിപ്പിക്കുന്നു. ഇതിനും ബൈബിളിൽ തെളിവില്ല. പക്ഷേ മറിയവും മറ്റു മനുഷ്യരെപ്പോലെ പാപിനിയായിരുന്നു എന്ന് ബൈബിൾ സൂചിപ്പിക്കുന്നുണ്ടുതാനും. ഉദാഹരണമായി ലൂക്കോ. 1:47 നോക്കുക: ''എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു.'' ശിക്ഷയുണ്ടെങ്കിലല്ലേ രക്ഷയെപ്പറ്റി പറയേണ്ടതുള്ളൂ. മറിയത്തിനും രക്ഷിതാവിനെ വേണം; കാരണം മറിയയും പാപിനിയെന്ന നിലയിൽ, നിത്യനരകത്തിലെത്തേണ്ടതാണ്. പക്ഷേ ദൈവം തന്റെ കൃപയാൽ മറ്റു വിശ്വാസികളെ രക്ഷിച്ചതു പോലെ മറിയത്തെയും രക്ഷിച്ചുവെന്നു മാത്രം.

''കൃപ ലഭിച്ചവളേ'' എന്ന സംബോധനയും മറിയം ഇതര മനുഷ്യരെപ്പോലെ പാപം ചെയ്തിട്ടുണ്ടെന്നു തെളിയിക്കുന്നു. എന്താണു കൃപ? ബൈബിൾ തന്നെ അതിന് ഉത്തരം തരുന്നുണ്ട്: ''കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല.'' (റോമർ 11:6). യേശുവിന്റെ അമ്മയാകുവാൻ മറിയത്തിനു സാധിച്ചത് കൃപയാലാണ്. പ്രവൃത്തിയാലല്ല. പ്രവൃത്തിയാലെങ്കിൽ കൃപയാലെന്നു പറയുകയില്ലായിരുന്നു. ഇത്രയും പറഞ്ഞപ്പോൾ ''മറിയം ദുർന്നടപ്പുകാരിയായ ഒരു സ്ത്രീയായിരുന്നു'' എന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചേക്കാം. ''പാപിനിയായ സ്ത്രീ' എന്നു പറഞ്ഞാൽ ദുർന്നടപ്പുകാരിയായ സ്ത്രീ എന്നാണർത്ഥമെന്നു നാം ധരിച്ചുവച്ചിരിക്കുന്നതാണ് പ്രശ്നം. ചെറിയ അസൂയ, നേരിയ കോപം, അല്പം പിറുപിറുപ്പ് തുടങ്ങിയവ പോലും പാപമാണ്. സഹോദരനെ മൂഢൻ എന്നു വിളിച്ചാൽ നരകവിധി ലഭിക്കും (മത്താ. 5:22) എന്നു കർത്താവ് പറയുന്നു. പാപം, അതെത്ര ചെറുതായിരുന്നാലും നരകശിക്ഷയ്ക്കു കാരണമാകും. അങ്ങനെയെങ്കിൽ നാം രക്ഷിക്കപ്പെടുന്നതെങ്ങനെ? കൃപയാൽ, വിശ്വാസം മൂലമാണ് എല്ലാ മനുഷ്യരും രക്ഷിക്കപ്പെടുന്നത്. കൃപയാലെങ്കിൽ പ്രവൃത്തി കാരണമല്ല. അല്ലെങ്കിൽ കൃപ കൃപയല്ല.

ഭാഗ്യവതിയെന്ന് വാഴ്ത്തും

''ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു വാഴ്ത്തും.'' (ലൂക്കോ. 1:48) എന്ന് മറിയം പറയുന്നു. അതുകൊണ്ട് മറിയത്തെ ഭാഗ്യവതിയെന്ന് വാഴ്ത്തുന്നതിൽ എന്താണ് തെറ്റ്? പക്ഷേ അതിനു മുമ്പുള്ള ഭാഗം കൂടി നോക്കൂ: ''അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ.'' ''താഴ്ചയിൽ (നമ്മെ) ഓർത്തവനെ'' (സങ്കീ. 136:23) ക്കുറിച്ചാണ് മറിയം പറയുന്നത്. ദൈവം മറിയയുടെ താഴ്ചയെ ഓർത്തു. അതുകൊണ്ട് മറിയത്തെ സകലരും ഭാഗ്യവതി എന്നു വാഴ്ത്തും. മറിയം മാത്രമല്ല, ദൈവകൃപ പ്രാപിച്ചവരെല്ലാം ഭാഗ്യവാന്മാരാണ്.

പക്ഷേ മറിയത്തെ സ്തുതിക്കയല്ല, മറിയത്തിനു ദൈവകൃപ ലഭിച്ചതിൽ അവളോടു ചേർന്ന് നാമും സന്തോഷിക്കയത്രേ ചെയ്യുന്നത്. പ്രാർത്ഥനാസമയത്ത് മറിയത്തെ ഭാഗ്യവതിയെന്നു വാഴ്ത്തുന്ന കാര്യമല്ല ഈ പറഞ്ഞതെന്നും മറന്നു പോകരുത്. മറിയത്തോട് പ്രാർത്ഥിക്കയോ, മറിയത്തെ സ്തുതിക്കയോ ചെയ്യരുത്. ദൈവത്തോട് പ്രാർത്ഥിക്കുക; ദൈവത്തെ സ്തുതിക്കുക.

ലൂക്കോ. 11:27, 28 നോക്കുക: ''ഇതു പറയുമ്പോൾ പുരുഷാരത്തിൽ ഒരു സ്ത്രീ അവനോട്: നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ എന്നു പറഞ്ഞു. അതിന് അവൻ: അല്ല ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവരത്രേ ഭാഗ്യവാന്മാർ എന്നു പറഞ്ഞു.'' മറിയത്തെ വാഴ്ത്തുവാൻ തിടുക്കം കൂട്ടുന്നവർ ഈ വാക്യം കാണാപ്പാഠം പഠിക്കുക.

മറിയം കാനാവിലെ കല്യാണത്തിനു വീഞ്ഞ് തീർന്ന കാര്യം യേശുവിനെ അറിയിച്ചപ്പോൾ ''സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക വന്നിട്ടില്ല'' എന്നു പറഞ്ഞെന്നും ഓർക്കുക. മാത്രമല്ല, മറിയം ശുശ്രൂഷകരോട്: ''അവൻ വല്ലതും കല്പിച്ചാൽ അങ്ങനെ ചെയ്‌വിൻ'' എന്നു പറയുകയും ചെയ്തു. മറിയത്തിന് ഇന്നും പറയാനുള്ളതിത്രമാത്രം: ''യേശു കല്പിച്ചതു ചെയ്യുവിൻ.'' യേശുവിന്റെ നാഴിക വരുമ്പോൾ, യേശു പ്രവർത്തിക്കും. അതിന് ആരുടേയും ശുപാർശ വേണ്ടാ.

''മറിയത്തെ യോഹന്നാന്റെ കയ്യിൽ ഭരമേൽപ്പിച്ചതെന്തേ?'' അപ്പോൾ യേശുവിന്റെ സഹോദരന്മാർ അടുത്തില്ലാതിരുന്നതുകൊണ്ടു തന്നെ. ''യേശുവിന്റെ സഹോദരന്മാരോ? അവർ ആരാണ്? അങ്ങനെ ബൈബിളിലുണ്ടോ?'' ഉണ്ട്. യേശുവിന് യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നീ സഹോദരന്മാരും ചില സഹോദരിമാരും ഉണ്ടായിരുന്നു (മർക്കൊ. 6:3). ലേഖനമെഴുതിയ യാക്കോബും യൂദയും കർത്താവിന്റെ സഹോദരന്മാരത്രെ.

യേശു മറിയയുടെ മൂത്ത മകനായിരുന്നു (ലൂക്കോ. 2:7). യേശുവിന്റെ ജനനം വരെ യോസേഫും മറിയവും ഭാര്യാഭർത്താക്കന്മാരെപ്പോലെ ജീവിച്ചിരുന്നില്ലെന്നേയുള്ളൂ (മത്താ. 1:25). യോസേഫ് വൃദ്ധനായിരുന്നെന്നും യോസേഫിന്റെ ആദ്യ ഭാര്യയിൽ ജനിച്ച മക്കളാണ് ഈ സഹോദരൻമാർ എന്നും വാദിക്കുന്നവരുണ്ട്. യോസേഫ് വൃദ്ധനായിരുന്നു എന്നോ യോസേഫിന് മറ്റൊരു ഭാര്യയുണ്ടായിരുന്നു എന്നോ ബൈബിളിൽ സൂചന പോലുമില്ല.

ഈ സഹോദരന്മാർ മറിയയുടെ മക്കളാണോ? തീർച്ചയായും. യേശുവിന്റെ അമ്മയ്ക്ക് മറ്റു മക്കൾ ഉണ്ടായിരിക്കുമെന്ന് പ്രവചനമുണ്ടായിരുന്നു (സങ്കീ. 69:8). ഇവിടെ യേശുവിനെക്കുറിച്ചാണ് പറയുന്നതെന്ന് 69:9-ഉം ചേർത്തു പഠിച്ചാൽ മനസ്സിലാക്കാം. മിക്കവരും ശ്രദ്ധിയ്ക്കാതെ പോകുന്ന ഒരു പ്രവചനമാണിത്. യേശുവിന്റെ സഹോദൻമാർ യോസേഫിന്റെ ആദ്യ ഭാര്യയിൽ ജനിച്ച മക്കളാണെന്നും മറ്റുമുള്ള വ്യാഖ്യാനത്തിന്റെ പൊളത്തരം ഈ വാക്യം തെളിയിക്കും

മറിയം ദൈവഭക്തിയുള്ള ഒരു സ്ത്രീയായിരുന്നു എങ്കിലും മറ്റു മനുഷ്യരെപ്പോലെ പാപം ചെയ്തിട്ടുണ്ട്. അവൾക്ക് യേശുവിന്റെ മാതാവാകാൻ കൃപ ലഭിച്ചു. അത് വലിയ ഭാഗ്യം തന്നെ. യേശു തന്റെ അമ്മയെ ബഹുമാനിച്ചിരുന്നു. നമുക്കും ബഹുമാനിക്കാം. പക്ഷേ പ്രാർത്ഥനയും ആരാധനയും മറിയത്തോടാകരുതെന്നു മാത്രം. വിദ്വാന്മാർ, യേശുവിനെ അമ്മയോടൊപ്പം കണ്ടിട്ടും യേശുവിനെ മാത്രമേ ആരാധിച്ചുള്ളൂ. (മത്താ. 2:11). മറിയയും മറ്റു ശിഷ്യന്മാരോടൊപ്പം കാത്തിരിക്കയും പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കയും ചെയ്തു (പ്രവൃ. 1:14).

ഈ സംഭവത്തിനു ശേഷം മറിയത്തെപ്പറ്റി ഒന്നും ബൈബിളിലില്ല. ഇന്നു നാം ധരിച്ചുവച്ചിരിക്കുന്നതു പോലെയുള്ള സ്ഥാനമാണ് മറിയയ്ക്കുള്ളതെങ്കിൽ പെന്തെക്കോസ്തു നാളിനു ശേഷം മറിയത്തെ ശിഷ്യന്മാർ പ്രത്യേക പദവി കൊടുത്തു മാനിക്കാത്തതെന്തേ? അവളെ ശ്ലീഹന്മാരുടെ രാജ്ഞിയാക്കിയോ? മാലാഖമാരുടെ രാജ്ഞിയാക്കിയോ? ഒരക്ഷരം, തുടർന്ന് മറിയത്തെക്കുറിച്ചു പറയുന്നില്ല. കാരണം, മറിയം ദൈവസഭയിലെ ഒരു വിശ്വാസി മാത്രമാണ്.


## സാത്താന് സഭയുണ്ടോ?

**സാത്താന് സഭയുണ്ടെന്ന് എലൈൻ പറയുന്നു.**
**ആരാണ് എലൈൻ?**
**സാത്താന്റെ സഭയിലെ അംഗവും സാത്താന്റെ മണവാട്ടികളിൽ ഒരാളുമായിരുന്നു എലൈൻ എന്ന വനിത.**
**സാത്താനേക്കുറിച്ചും സാത്താന്റെ സഭയേക്കുറിച്ചും അവർ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്നു.**

വായിക്കുക:

**അവൻ ബന്ധിതരെ മോചിപ്പിക്കുവാൻ വന്നു.** (125 രൂപ)
**യുദ്ധത്തിനായി ഒരുങ്ങുക.** (110 രൂപ)

**ബൈബിളുകൾ, പാട്ടുപുസ്തകങ്ങൾ, ക്രൈസ്തവ ഗ്രന്ഥങ്ങൾ, കാസറ്റുകൾ, സി.ഡികൾ തുടങ്ങിയവയും ലഭിക്കുന്നു.**

**പെരുമ്പാവൂർ ബുക്സ്**
ബെസ്റ്റ് കോംപ്ലക്സ്, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ. ഫോൺ: 0484-2592249 Mob: 94474 14608



# MRS. WHITE AND HER REVELATIONS

## D.M. Canright

**(Con.... from the last issue)**

7. She broke the Sabbath for eleven years. Though she had vision after vision about the Sabbath, yet for eleven years they all began it at six P.M. instead of at sunset as the law requires (Lev. 23:32). When they found their mistake, she saw it, too, in vision. She says: "I inquired why it had been thus that at this late date we must change" (Testimony No. 1, p. 13). A poor leader she.

8. Her Predictions about the rebellion a failure. "Jan. 4, 1863, I was shown some things in regard to our nation." (Testimonies, Vol. I, p. 253).

All will remember the great anxiety and uncertainty of those days. How would the [Civil] war end? Specially were her people anxious, as they were non-combatants and liable to the draft. Here was an inspired prophetess right in their midst, having abundant revelations about the length of womenís dresses, what people should eat, etc. What relief to all would have been a few short words from heaven about the results of the war. The pressure upon her for light was so great that she had to say something. So she took her pen and scribbled away through thirty-two long pages about the war. At this date it is amusing to read it. This "revelation" alone is enough to show that she knows absolutely nothing of the future. All she wrote was merely a restatement of the popular view of the matter at that time.

I shall quote a few sentences as samples.

"The system of slavery, which has ruined our nation, is left to live and stir up another rebellion."

Was slavery left to stir up another rebellion? Now we know that statement was utterly untrue.

"It seemed impossible to have the war concluded successfully" (p. 256).

Another failure, for it was conducted successfully. All can see that her ideas were just those generally rife at the time. I have long watched and studied her carefully, till I have become satisfied that this is always true of her prophesyingsóthey are wholly molded by the sentiment around her at the time.

Here is another:

"This nation will yet be humbled into the dust" (p. 259).

Was it? No. Again:

"When England does declare war, all nations have an interest of their own to serve, and there will be general war" (p. 259).

Did anything of this kind happen? No; but it is just what all then expected.

Once more: "Had our nation remained united, it would have had strength; but divided, it must fall" (p. 260).

How it did fall!

"I was shown distress and perplexity and famine in the land" (p. 260). Just what all expected them; but where was the famine?

"It looked to me like an impossibility now for slavery to be done away" (p. 266).

Of course it did, for that was just the way it looked to all others then. But did it look that way to God? That was the question. Was he telling her?

She claims that what she writes is not merely her own ideas but the mind of God himself. Thus: "I do not write one article in the paper expressing merely my own ideas. They are what God has opened before me in vision." Testimony No. 31, p. 63). This, then, was the way the thing looked to God at that time!

"Blood has been poured out like water, and for nought." (Testimony for the Church, Vol. I, p. 367)

Was it for nought, ye brave soldiers? Ye liberated slaves? Ye freed nation? I could give scores of such quotations all through her writings, showing how they have failed always and everywhere.

9. The reform dress. One of the worst blunders Mrs. White ever made, one which plainly showed her fanaticism and that God had nothing to do with her work, was the move she made on dress.

First she wrote: "God would not have his people adopt the so-called reform dress" (Testimonies, Vol. I, p. 421). "If women would wear their dresses so as to clear the filth of the streets an inch or two," it would be in harmony with their faith (p. 424).

Four years pass, and she again writes: "God would not have his people adopt the reform dress" (p. 525). "Nine inches as nearly accords with my views of the matter as I am able to express it in inches" (p. 521).

Here are two revelations exactly opposite as to the style of dress and the length, an inch or two, and then nine inches, from the ground is the length. What occasioned this change in the mind of the Lord? The answer is easy: In the time between the two revelations Mrs. White had spent some time at Dr. Jacksonís "Home," Dansville, New York. Here a short dress with pants was worn, and she fell in with the idea and soon had a vision requiring its adoption as above. That is the whole of it.

But the dress was a shame and a disgrace and an utter failure. Think of a modest woman on the streets with pants on, and her dress cut off half up to the knees! But for about eight years Mrs. White pushed that dress with all her power, put it on herself as an example, till most of the sisters put it on. But it created a terrible commotion. Husbands swore, brothers refused to walk with their sisters, men sneered and boys hooted. Some of the sisters argued, some cried, some rebelled, but most submitted. I know, for my own wife wore it for eight yearsóhad to. Finally, Mrs. White quietly dropped it off herself, and now no one wears it. Here they are all living in direct violation of a plain revelation from God! Common sense came out ahead of fanaticism.

If God ever spoke through Mrs. White about anything, he did about the dress, requiring the women to wear it. I was there and know how she urged it, heard her many times. Her Testimonies at the time were full of it. She said: "I have done my duty; I have borne my testimony, and those who have heard me and read that which I have written, must now bear the responsibility of receiving or rejecting the light given. If they choose to venture to be forgetful hearers, and not doers of the word, they run their own risk, and will be accountable to God!" (Testimonies, Vol. I, p. 525).

Yet they have all run the risk and laid off the dress, Mrs. White with the rest. How does she get out of it? By all sorts of dodges, by blaming everybody but herself. It has been a great stumbling block to them.

Her Revelations Influenced by Others

Mrs. White originates nothing. In her visions she always sees just what she and her friends at the time happen to believe and be interested in. Her husband and other leading men first accept or study out a theory and talk it till her mind is full of it. Then when she is in her trance that is just what she sees. One who has been all through the Advent work and well knows, says: "The visions have brought out no points of faith held by Seventh-Day Adventists."

Mrs. White herself confesses that she is influenced by others in writing her "Testimonies."

Thus: pp. 138-139. "What appeared in Testimony No. 11, concerning the Health Institute should not have been given until I was able to write out all I had seen in regard to it. ... I yielded my judgment to that of others and wrote what appeared in No. 11. ... In this I did wrong." (Testimonies, Vol. I, p. 563).

She here "lets the cat out of the bag." She made such a blunder that she was compelled to blame some one else for it and so to tell the truth that she was influenced by others to do it! Fine inspiration.

Elder White was well aware of how she was influenced by others to see and write as they impressed her to do. Hence he was very jealous of having leading men talk anything to her alone opposing his views, for he feared she would then have a revelation favoring them and opposing him as indeed she did towards the last.

Thus he wrote me: "The pressure has been terribly hard on my poor wife. She has been impressed very much by Elders Butler and Haskell." Again: "I think my wife has been more severe than the Lord really required her to be in some cases. Satan has taken advantage. ... Elders Butler and Haskell have had an influence over her that I hope to see broken. It has nearly ruined her. These men must not be supported by our people to do as they have done." (James White, Battle Creek, May 25, 1881).

That shows the confidence which her own husband had in her revelations.

The Philosophy of Mrs. Whiteís Visions

The proof is abundant that Mrs. Whiteís visions are merely the result of nervous disease, a complication of hysteria, catalepsy, and ecstasy. That she honestly believes in them herself, I do not doubt. I have personally known four other women, all Seventh-Day Adventists, who likewise had visions. All were sincere Christians, and fully believed in their own visions. But all were sickly, nervous females, and hysterical. Not being encouraged in them, but opposed by their ministers, they finally gave them up. In every age such cases have been numerous, of whom a few, like Mrs. Southcott, Mrs. Ann Lee, and Mrs. White, have become noted for awhile.

**(Continued in the Next Issue)**


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3094032, 9447414608



## STUDY ON PRAYER

**MP3 Format :: 15 hours Read by Text Reader**

1. The soul of Prayer : P.T. Forsyth
2. How to pray : R.A. Torrey
3. Power & Prayer : E.M.Bounds
4. Necessity of Prayer : E.M.Bounds
5. On Prayer : Charls Finny

**Price: Rs. 100/- only (by M.O)**

**The Defender,**
**Near: KSRTC, Perumbavoor P.O.,**
**Ernakulam Dist. Kerala - Pin. 683542**
**Phone: 0484-2592249, 94474-14608**

RNI No. 68089 / 97
2004 December 1
THE DEFENDER
REGISTERED
KL/CR/ALY/221/2003-05

# വരുന്നൂ പട്ടാളഭരണം കുമ്പനാട്ട്

ഐ.പി.സിയുടെ കുമ്പനാട് സെന്ററിലുള്ള ശുശ്രൂഷകൻമാരും വിശ്വാസികളും സൂക്ഷിക്കുക: ഏറെ താമസിയാതെ നിങ്ങളുടെ സെന്ററിൽ പട്ടാളഭരണം വരും.

പട്ടാളം എന്നത് സാക്ഷാൽ മരുമകൻ പട്ടാളം തന്നെ. മാന്യദേഹം ദേശസേവനമൊക്കെ നിർത്തി വീട്ടിലെത്തിയിട്ട് മാസങ്ങളായി. ആയ കാലം മുഴുവൻ ദേശത്തെ സേവിച്ചു. ഇനിയുള്ള കാലമെങ്കിലും കർത്താവിനെ സേവിച്ചില്ലെങ്കിൽ കർത്താവിന് എന്തു തോന്നും?

എങ്ങനെയാണ് കർത്താവിനെ സേവിക്കുക? അതിനുള്ള വിളിയുണ്ടോ? ഉണ്ടാകുമല്ലോ. ടി.എസ്.ഏബ്രഹാമിന്റെ മരുമകനെ വിളിക്കാതിരിക്കാൻ ധൈര്യമുള്ള കർത്താവ് എവിടാണപ്പാ ഉള്ളത്. അങ്ങനെ വിളിയുടെ കാര്യം ഉറപ്പാക്കി.

എന്തു വേലയാണ് ചെയ്യേണ്ടത്? ഒരു സാധാരണ സുവിശേഷകനായി ഏതെങ്കിലും മലമുകളിൽ വേലചെയ്താലോ? അതൊക്കെ അലവലാതികൾക്കു മാത്രം പറഞ്ഞിട്ടുള്ള പണിയല്ലേ. മരുമകൻ വേല ചെയ്യുന്നെങ്കിൽ സാക്ഷാൽ കുമ്പനാട്ട് ചെയ്യണം. എങ്കിലല്ലേ വേല എന്ന വാക്ക് അന്വർത്ഥമാകൂ.

കുമ്പനാട്ട് എന്തുതരം വേല ചെയ്യണം? സഭയുടെ ചാർജില്ലാത്ത വെറും സുവിശേഷകൻ? നോ,നോ. അതിന് പട്ടാളത്തെ കിട്ടില്ല. സാധാരണ പാസ്റ്ററാകാനും പട്ടാളം തയ്യാറല്ല. പിന്നെ എന്താണ് വേണ്ടത്? സെന്റർ പാസ്റ്ററാകണം. അതും കുമ്പനാട് സെന്ററിന്റെ.

ഐ.പി.സിയിലെ പാസ്റ്ററാകാനും സെന്റർ പാസ്റ്ററാകാനും ഒക്കെ ചില നിയമങ്ങളൊക്കെയില്ലേ? ഭരണഘടനയിൽ അങ്ങനെ പറയുന്നില്ലേ? ഭരണഘടനയിൽ അങ്ങനെ പലതും പറയും. അതൊക്കെ സാധാരണക്കാർ അനുസരിക്കയും വേണം. പക്ഷേ, ടി.എസ്.ഏബ്രഹാമിനും കുടുംബത്തിനും ഈ നിയമങ്ങളൊന്നും ബാധകമല്ലെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? അതുകൊണ്ട് പട്ടാളം ആസന്ന ഭാവിയിൽ കുമ്പനാട് സെന്ററിന്റെ പാസ്റ്ററാകും.

ഐ.പി.സി. എന്നത് തിരുവല്ല റെയിൽവേ സ്റ്റേഷൻ പോലെയാണെന്ന് അച്ചൻകുഞ്ഞ് ഇലന്തൂർ എന്ന മഹാൻ നൂറ്റാണ്ടുകൾക്കു മുൻപേ പറഞ്ഞിട്ടുള്ളതാണ്. നിയമപ്രകാരം ഇറങ്ങി വരുന്നവനെ പരിശോധിക്കാനും കണ്ണുരുട്ടിക്കാണിക്കാനും അവിടെ ആളുണ്ട്. ടിക്കറ്റുപോലും ഇല്ലാത്തവന് മറുവശത്തുകൂടി ഇങ്ങിപ്പോകാം. ആരും ഒരക്ഷരം മിണ്ടില്ല. അതുതന്നെ ഐ.പി.സിയിലേയും സ്ഥിതി.

# ക്രിസ്ത്യൻ വിവാഹ നിയമം അടുത്ത ലക്കത്തിൽ

ക്രിസ്ത്യൻ വിവാഹ നിയമം എന്നൊന്ന് ഉണ്ട് എന്ന് അറിയാവുന്നവർ തന്നെ വളരെ കുറവ്. നിയമത്തേക്കുറിച്ച് കേട്ടറിവുള്ളവർക്ക് ആ നിയമത്തിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്നും അറിഞ്ഞുകൂടാ.

അറിഞ്ഞുകൂടാ എന്നത് നിയമലംഘനത്തെ സാധൂകരിക്കുന്നില്ല എന്ന വസ്തുത നിയമത്തിന്റെ ആദ്യാക്ഷരമെങ്കിലും പഠിച്ചിട്ടുള്ളവർക്കറിയാം. അതുകൊണ്ട് ക്രിസ്ത്യൻ വിവാഹ നിയമത്തേക്കുറിച്ച് വിശ്വാസികൾ അറിഞ്ഞിരിക്കണം.

ആരാണ് ക്രിസ്ത്യാനി? നിയമം എന്തു പറയുന്നു? ക്രിസ്ത്യൻ വിവാഹം സാധൂകരിക്കപ്പെടണമെങ്കിൽ വരനും വധുവും ക്രിസ്ത്യാനി ആയിരിക്കണം എന്നുണ്ടോ? അതോ, രണ്ടിൽ ഒരാൾ ക്രിസ്ത്യാനി ആയാൽ മതിയോ? ഏതൊക്കെ ക്രൈസ്തവ സഭാ വിഭാഗങ്ങളേക്കുറിച്ചാണ് ഈ നിയമത്തിൽ പറയുന്നത്? പെന്തക്കോസ്ത് പ്രസ്ഥാനത്തെ ക്രൈസ്തവ സഭയായി ഈ നിയമം അംഗീകരിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം ലഭിക്കുവാൻ അടുത്തലക്കം ഡിഫെൻഡർ വായിക്കുക.

# ശാരോൻ സഭാനേതൃത്വത്തിന് പെരുമ്പാവൂർ ശാരോൻ സഭ നൽകിയ കത്ത്

From
ശാരോൻ ഫെലോഷിപ്പ് ചർച്ച്,
എം.സി.റോഡ്, പെരുമ്പാവൂർ, പിൻ. 683 542

തീയതി: 20-11-2004

To
പ്രസിഡന്റ്/സെക്രട്ടറി,
ശാരോൻ ഫോലോഷിപ്പ് ചർച്ച്, തിരുവല്ല.

വിഷയം: <u>പെരുമ്പാവൂർ ശാരോൻ ഫെലോഷിപ്പ് ചർച്ചിനെതിരെ തിരുവല്ല മുനിസിപ്പൽ കോടതിയിൽ നിന്നും ശാരോൻ സഭാ നേതൃത്വം സമ്പാദിച്ച കള്ള കാവിയറ്റിനെ സംബന്ധിച്ച്.</u>

ബഹുമാനപ്പെട്ട ശാരോൻ പ്രസിഡന്റും സെക്രട്ടറിയും മിനിസ്റ്റേഴ്സ് കൗൺസിൽ അംഗങ്ങളും അറിയുന്നതിന്,

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ മാനേജിംഗ് കൗൺസിൽ സെക്രട്ടറിയായ പാസ്റ്റർ പി.ജി. ജേക്കബ് മിനിസേറ്റേഴ്സ് കൗൺസിൽ മെമ്പറും അടൂർ-കൊട്ടാരക്കര ഡിസ്ട്രിക്ടിന്റെ പാസ്റ്ററും ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ കീഴിലുള്ള സഭകളുടെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാണ്. പെരുമ്പാവൂർ ശാരോൻ ഫെലോഷിപ്പ് ചർച്ചിനെതിരെ തിരുവല്ല മുനിസിപ്പൽ കോടതിയിൽ നിന്നും ശാരോൻ സഭാ നേതൃത്വം സമ്പാദിച്ച കള്ള കാവിയറ്റിന് ആധാരമായ പെറ്റീഷൻ ഫയൽ ചെയ്തത് പാസ്റ്റർ പി.ജി.ജേക്കബ്ബാണ്. ദൈവത്തിനും മനുഷ്യർക്കും നിരക്കാത്ത പച്ചക്കള്ളം എഴുതി കൊടുത്താണ് അദ്ദേഹം കോടതിയിൽ നിന്നും ഞങ്ങളുടെ സഭയ്ക്കെതിരെ കാവിയറ്റ് സമ്പാദിച്ചത്. പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗങ്ങളായ ഞങ്ങൾ ഈ കാവിയറ്റ് കണ്ട് അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. പാസ്റ്റർ പി.ജി.ജേക്കബ്ബിനേപ്പോലുള്ള ഒരാൾ ഇത്ര വലിയ കള്ളം കോടതിയിൽ എഴുതി കൊടുക്കുമെന്ന് ഞങ്ങൾ സ്വപ്നം പോലും കണ്ടിരുന്നില്ല.

ഈ കാവിയറ്റിന്റെ പിന്നിലുള്ള വസ്തുതകളേക്കറിച്ച് മനസ്സിലാക്കാനായി ഞങ്ങൾ പാസ്റ്റർ പി.ജി.ജേക്കബ്ബു മായി ബന്ധപ്പെട്ടപ്പോൾ വക്കാലത്തിൽ ഒപ്പിടുക മാത്രമാണ് താൻ ചെയ്തത് എന്നത്രേ അദ്ദേഹം പറഞ്ഞത്. ബാക്കി കാര്യങ്ങളെല്ലാം ഡോ.ടി.പി.ഏബ്രഹാം, പാസ്റ്റർ സി.വി.ജോൺ എന്നിവരാണ് ചെയ്തത് എന്നും അദ്ദേഹം വിശദീകരിച്ചു. ഈ പ്രശ്നം ഉടൻ പരിഹരിക്കണമെന്ന് ഞങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെടുകയും അങ്ങനെ ചെയ്യാമെന്ന് അദ്ദേഹം സമ്മതിക്കയും ചെയ്തു. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും അദ്ദേഹം മൗനം തുടരുകയാണ്.
കാവിയറ്റിൽ പറഞ്ഞിരിക്കുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്:

വേങ്ങൂർ സഭാശുശ്രൂഷകനായ മാമ്മൻ രാജുവും വാരിക്കാട് സഭാശുശ്രൂഷകനായ ഷാജി സെബാസ്റ്റ്യനും പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗങ്ങളാണ്. ഇവർ പെരുമ്പാവൂർ ശാരോൻ സഭയിലെ വിശ്വാസികളെ ശാരോൻ സഭാനേതാക്കൻമാർക്കെതിരെ കേസ്സ് കൊടുക്കാൻ പ്രേരിപ്പിക്കുകയാണ്. 2003 സെപ്റ്റംബർ രണ്ടിന് നടക്കുന്ന ശാരോൻ ജനറൽ ബോഡി തടയാൻ ഇവർ നിയമ നടപടിക്കൊരുങ്ങുന്നു. ഇങ്ങനെ ആരോപിച്ചുകൊണ്ടാണ് പാസ്റ്റർ പി.ജി.ജേക്കബ്ബ് കാവിയറ്റ് എടുത്തത്.

ഈ കാവിയറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം പച്ചക്കള്ളമാണ്. പാസ്റ്റർ മാമ്മൻ രാജു ചെത്തോങ്കര സഭയുടെ അംഗവും പാസ്റ്റർ ഷാജി സെബാസ്റ്റ്യൻ മോറക്കാല സഭയുടെ അംഗവുമാണ്. ഇരുവർക്കും പെരുമ്പാവൂർ ശാരോൻ സഭയുമായി കാവിയറ്റിൽ പറഞ്ഞിരിക്കുന്ന വിധത്തിലുള്ള ഒരു ബന്ധവുമില്ല. മാത്രമല്ല, ശാരോന്റെ ജനറൽ ബോഡി തടയുവാൻ പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗങ്ങൾ ആലോചിക്കപോലും ചെയ്തിട്ടുമില്ല. ഈ വസ്തുതകൾ ശാരോൻ നേതൃത്വത്തിന് അറിവുള്ളതുമാണ്. എന്നിട്ടും കോടതിയിൽ പച്ചക്കള്ളം എഴുതിക്കൊടുക്കാൻ സഭാനേതൃത്വത്തിന് ശങ്കയുണ്ടായില്ല.

ഈ വിഷയത്തേക്കുറിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് പെരുമ്പാവൂർ ശാരോൻ സഭ പാസ്റ്റർ മാമ്മൻ രാജുവിന് നൽകിയ കത്തിന് പാസ്റ്റർ മാമ്മൻ രാജു എഴുതി നൽകിയ മറുപടിയുടെ കോപ്പി ഇതോടൊപ്പം അയയ്ക്കുന്നു. ശാരോൻ നേതൃത്വം കോടതിയിൽ കള്ളം എഴുതി നൽകുകയായിരുന്നു എന്ന് ഈ കത്തും തെളിയിക്കുന്നു. ഇത്തരം ഹീനകൃത്യങ്ങൾ ദൈവദാസൻമാർ ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതല്ല.

ശാരോൻ ജനറൽ കൺവെൻഷനിൽ ഞങ്ങൾക്ക് പങ്കെടുക്കേണ്ടതുണ്ട്. ദൈവത്തിനും മനുഷ്യനും നിരക്കാത്ത കള്ളങ്ങൾ കോടതിയിൽ എഴുതിക്കൊടുത്തവർ നേതൃത്വം കൊടുക്കുന്ന കൺവെൻഷനിലും തിരുവത്താഴത്തിലും പങ്കെടുക്കാൻ സ്വാഭാവികമായും ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ശാരോൻ ജനറൽ കൺവെൻഷനു മുൻപായി ഈ പ്രശ്നത്തിന് ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കാൻ സഭാനേതൃത്വം തയ്യാറാകണമെന്ന് പെരുമ്പാവൂർ ശാരോൻ സഭ ആവശ്യപ്പെടുന്നു.

എന്ന്
പെരുമ്പാവൂർ ശാരോൻ സഭയ്ക്കുവേണ്ടി
ബ്രദർ എം.കെ.കുര്യാക്കോസ് (പ്രതിപുരുഷൻ)   സുരേഷ് ബാബു (പ്രതിപുരുഷൻ)

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-2592249
മൊബൈൽ: 9447414608

## വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. എങ്ങനെ അത് തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം

**ചാവിക്കട**
ഫെഡറൽ ബാങ്കിന് എതിർവശം
പെരുമ്പാവൂർ
ഫോൺ: 9447149309
സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ സി.ഡി. റോമിൽ

13 പ്രസംഗങ്ങൾ.
13 മണിക്കൂർ ദൈർഘ്യം

MP 3 ഫോർമാറ്റ്. വില 100 രൂപ മാത്രം
പോസ്റ്റേജ് സൗജന്യം. വില എം.ഒ. അയക്കുക.

കൊറിയർ സർവ്വീസിലൂടെയാണ് സി.ഡി. അയക്കുന്നത്. അതു കൊണ്ട് നിങ്ങളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ കൊറിയർ സർവ്വീസിൻെറ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതുക.

കൂടുതൽ വിവരങ്ങൾക്ക്:
എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542
ഫോൺ: **0484-2592249,** 9447414608

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan